2024 NOVEMBER
06
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇന്റർനെറ്റ് ഉപയോഗം; ഭാരതത്തിൽ 96.96 കോടി വരിക്കാർ



**ന്യൂദൽഹി:** ഇന്റർനെറ്റ് വരിക്കാരുടെ എണ്ണത്തിൽ ചരിത്രമെഴുതി ഭാരതം. 96.96 കോടി ഇന്റർനെറ്റ് വരിക്കാരാണ് നിലവിൽ രാജ്യത്തുള്ളത്. അമേരിക്ക, ജപ്പാൻ, റഷ്യ എന്നീ രാജ്യങ്ങളുടെ ആകെ ജനസംഖ്യയേക്കാൾ ഉയർന്ന സംഖ്യയാണിത്. ഇന്റർനെറ്റ് വരിക്കാരുടെ എണ്ണത്തിൽ ഭാരതം പുത്തൻ ഉയരങ്ങൾ കൈവരിച്ചതിന്റെ സന്തോഷം ടെലികോം മന്ത്രാലയം എക്സിലൂടെ അറിയിച്ചു.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ ഏപ്രിൽജൂൺ പാദത്തിൽ ഇന്റർനെറ്റ് ഉപഭോക്താക്കളുടെ എണ്ണം 95.44 കോടിയിൽ നിന്ന് 1.59 ശതമാനം വർധിച്ച് 96.96 കോടിയിലെത്തി. ഇതിൽ 92.75 കോടിപ്പേരും വയർലെസ് ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണ്. 4.2 കോടി ആളുകൾ വയേർഡ് കണക്ഷൻ ഉപയോഗിക്കുന്നതായും ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ കണക്കുകൾ വ്യക്തമാക്കുന്നു.

ട്രായ്‌യുടെ ഇന്ത്യ ടെലികോം സർവീസസ് പെർഫോമൻസ് ഇൻഡിക്കേറ്റർ റിപ്പോർട്ട് പ്രകാരം ഒരു ഉപയോക്താവിൽ നിന്ന് ടെലികോം കമ്പനികൾക്ക് ലഭിക്കുന്ന ലാഭത്തിലും വർധനയുണ്ടായിട്ടുണ്ട്. ഇത് 8.11 ശതമാനം വർധിച്ച് 157.45 രൂപയിലെത്തി. ബ്രോഡ്ബാൻഡ് വഴി ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണം 1.81 ശതമാനം വർധിച്ച് 94.07 കോടിയിലെത്തിയെന്നും റിപ്പോർട്ട് പറയുന്നു. ജനുവരിമാർച്ച് പാദത്തിൽ ഇത് 92.40 കോടിയായിരുന്നു. നാരോ ബ്രാൻഡ് ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 3.03 കോടിയിൽ നിന്ന് 2.88 കോടിയിലേക്ക് ഇടിഞ്ഞു.

രാജ്യത്തെ ടെലിഫോൺ വരിക്കാർ 120.56 കോടിയായി. ജനുവരി മാർച്ച് മാസങ്ങളെ അപേക്ഷിച്ച് 0.53 ശതമാനവും വാർഷികാടിസ്ഥാനത്തിൽ 2.70 ശതമാനവും വർധനയാണുണ്ടായത്. നഗരപ്രദേശങ്ങളിലെ ടെലിഫോൺ വരിക്കാരുടെ എണ്ണം 66.53 കോടിയിൽ നിന്ന് 66.71 കോടിയായി. ഗ്രാമങ്ങളിൽ ഇത് 53.85 കോടിയാണ്.

## ഗുജറാത്തിൽ ബുള്ളറ്റ് ട്രെയിനിനുള്ള പാലം തകർന്നുവീണു; 3 തൊഴിലാളികൾ മരിച്ചു

**അഹമ്മദാബാദ്:** ഗുജറാത്തിലെ ആനന്ദ് ജില്ലയിൽ നിർമാണത്തിലിരുന്ന റെയിൽവേ പാലം തകർന്നുവീണ് 3 തൊഴിലാളികൾ മരിച്ചു. ബുള്ളറ്റ് ട്രെയിൻ പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന പാലമാണ് ചൊവ്വാഴ്ച വൈകിട്ട് അഞ്ചോടെ തകർന്നു വീണത്. നിരവധി തൊഴിലാളികൾക്ക് പരിക്കേറ്റു. അവശിഷ്ടങ്ങൾക്കിടയിൽ കൂടുതൽ പേർ കുടുങ്ങിക്കിടക്കുന്നതായാണ് റിപ്പോർട്ട്. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണെന്ന് പൊലീസ് അറിയിച്ചു.

അഗ്നിശമന സേനാംഗങ്ങൾ ഉൾപ്പെടുന്ന രക്ഷാപ്രവർത്തകർ സംഭവ സ്ഥലത്തെത്തി. മൂന്നു തൊഴിലാളികൾ കോൺക്രീറ്റ് കട്ടകൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായി നിർമാണം നടത്തുന്ന നാഷനൽ ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (എൻഎച്ച്എസ്ആർസിഎൽ) അറിയിച്ചു. രക്ഷാപ്രവർത്തനത്തിനായി ക്രെയിനുകളും എക്സ്കവേറ്ററുകളും എത്തിച്ചിട്ടുണ്ട്.

## നിഫ്റ്റി 24,190 കടന്നു, സെൻസെക്സ് 600 പോയിന്റ് നേട്ടത്തിൽ

**മുംബൈ:** ആഗോള, ആഭ്യന്തരതലങ്ങളിൽനിന്നുള്ള പ്രതികൂലക്കാറ്റിൽ തട്ടി ഇന്നലെ ഉച്ചവരെ നഷ്ടത്തിലേക്കു കൂപ്പുകുത്തിയ ഇന്ത്യൻ ഓഹരി സൂചികകൾ, ഉച്ചയ്ക്കുശേഷം നേട്ടത്തിൽ. രാവിലെ 400ലേറെ പോയിന്റ് നഷ്ടവുമായി 78,296 വരെ താഴ്ന്ന സെൻസെക്സ് ഇപ്പോഴുള്ളത് 600ലേറെ പോയിന്റ് (+0.79%) ഉയർന്ന് 79,408ൽ. ഒരുവേള 23,842 വരെ ഇടിഞ്ഞ നിഫ്റ്റിയും 190ലേറെ പോയിന്റ് തിരിച്ചുകയറി 24,190 പോയിന്റും കടന്നു. മെറ്റൽ ഓഹരികളാണ് ഓഹരി വിപണിയുടെ നേട്ടത്തിനു ചുക്കാൻ പിടിക്കുന്നത്. രാവിലെ നഷ്ടത്തിലായിരുന്ന ബാങ്കിങ് (സ്വകാര്യ, പൊതുമേഖലാ ബാങ്ക്) ഓഹരികൾ ഉച്ചയ്ക്കുശേഷം മികച്ച നേട്ടം കൈവരിച്ചതും ഓഹരി സൂചികകളെ ഉഷാറാക്കി. രാവിലത്തെ സെഷനിൽ മെറ്റൽ ഒഴികെയുള്ള എല്ലാ ഓഹരികളും ചുവപ്പിലായിരുന്നു. നിക്ഷേപകർക്കിടയിൽ ആശങ്ക ശക്തമാണെന്നു വ്യക്തമാക്കി, രാവിലെ രണ്ടു ശതമാനത്തിലധികം ഉയർന്ന ഇന്ത്യ വിക്സ് സൂചിക, ഉച്ചയ്ക്കുശേഷം രണ്ടു ശതമാനം താഴേക്കുപോയതും നേട്ടമാണ്.

നിഫ്റ്റി50ൽ 35 ഓഹരികൾ നേട്ടത്തിലും 15 ഓഹരികൾ ഇപ്പോൾ നഷ്ടത്തിലുമാണ്. ഉച്ചയ്ക്കുമുൻപ്  ഇതുനേരെ വിപരീതമായിരുന്നു. ആഭ്യന്തര സമ്പദ്!വ്യവസ്ഥയുടെ ഉണർവിനായി 1.4 ലക്ഷം കോടി ഡോളറിന്റെ അധിക ഉത്തേജക പാക്കേജ് പ്രഖ്യാപിക്കാനുള്ള ചൈനീസ് സർക്കാരിന്റെ നീക്കമാണ് മെറ്റൽ ഓഹരികൾക്കു കരുത്തായത്. 'ലോകത്തിന്റെ വ്യവസായ, മാനുഫാക്ചറിങ് കേന്ദ്രം' എന്ന വിശേഷണമുള്ള രാജ്യമാണ് ചൈന.

ജെഎസ്ഡബ്ല്യു സ്റ്റീൽ, ടാറ്റാ സ്റ്റീൽ, ഹിൻഡാൽകോ എന്നിവയാണ് നിഫ്റ്റി50ൽ നേട്ടത്തിൽ മുന്നിൽ. 2.32% താഴ്ന്ന് അദാനി പോർട്സ് ആണ് നഷ്ടത്തിൽ ഒന്നാമതുള്ളത്. കഴിഞ്ഞപാദത്തിൽ കമ്പനിയുടെ ചരക്കുനീക്ക കണക്കുകൾ മികവ് പുലർത്തിയെന്ന് ബിസിനസ് അപ്ഡേറ്റ് റിപ്പോർട്ട് വ്യക്തമാക്കി. എന്നാൽ, ഓഹരിവില താഴേക്കാണ് ഇന്നലെയും ഇന്നും നീങ്ങിയത്. വിശാല വിപണിയിൽ 2.54% ഉയർന്ന് നിഫ്റ്റി മെറ്റലാണു നേട്ടത്തിൽ മുന്നിൽ. പൊതുമേഖലാ ബാങ്ക് സൂചിക 1.90%, സ്വകാര്യബാങ്ക് സൂചിക 1.56%, ബാങ്ക് നിഫ്റ്റി 1.58%, ഫിനാൻഷ്യൽ സർവീസസ് 1.66% എന്നിങ്ങനെ ഉയർന്ന് മികച്ച പിന്തുണ നൽകുന്നുണ്ട്.അദാനി പോർട്സാണ് സെൻസെക്സിലും ഇന്ന് 2.77% താഴ്ന്ന് നഷ്ടത്തിൽ മുന്നിലുള്ളത്. ഇൻഫോസിസ്, ടൈറ്റൻ, ഐടിസി, ഭാരതി എയർടെൽ, ടെക് മഹീന്ദ്ര, ഏഷ്യൻ പെയിന്റ്സ് എന്നിവ നഷ്ടത്തിൽ തുടരുന്നു. ജെഎസ്ഡബ്ല്യു സ്റ്റീൽ, ടാറ്റാ സ്റ്റീൽ, ആക്സിസ് ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക്, ഇൻഡസ്ഇൻഡ് ബാങ്ക്, ബജാജ് ഇരട്ടകൾ, എസ്ബിഐ, മാരുതി സുസുക്കി എന്നിവയാണു നേട്ടത്തിൽ മുന്നിൽ.

## ഇസ്രയേൽ പ്രതിരോധമന്ത്രിയെ പുറത്താക്കി നെതന്യാഹു



**ജറുസലം:** ഇസ്രയേൽ പ്രതിരോധമന്ത്രി യൊയാവ് ഗലാന്റിനെ മന്ത്രിസഭയിൽ നിന്ന് പുറത്താക്കി പ്രധാനമന്ത്രി നെതന്യാഹു. ഗലാന്റിന് ഒട്ടേറെ വീഴ്ചകൾ ഉണ്ടായതായി ബെന്യാമിൻ നെതന്യാഹു പറഞ്ഞു. പ്രതിരോധ വകുപ്പ് മന്ത്രിയായി ഇസ്രയേൽ കാറ്റ്സ് ചുമതലയേൽക്കുമെന്നാണ് വിവരം. "യുദ്ധത്തിന്റെ നടുവിൽ പ്രധാനമന്ത്രിക്കും പ്രതിരോധ മന്ത്രിക്കും ഇടയിൽ പൂർണ്ണ വിശ്വാസം അത്യാവശ്യമാണ്. ആദ്യ മാസങ്ങളിൽ വളരെയധികം വിശ്വാസവും ഫലപ്രദമായ പ്രവർത്തനവും ഉണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ കുറച്ച് മാസങ്ങളായി ആ വിശ്വാസം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്" യൊയാവ് ഗലാന്റിനെ പുറത്താക്കിയതിനു പിന്നാലെ നെതന്യാഹുവിന്റെ ഓഫീസ് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു. കഴിഞ്ഞ വർഷം ഒക്ടോബർ ഏഴിന് ഇസ്രയേലിൽ പലസ്തീൻ സായുധ സംഘടന ഹമാസ് നടത്തിയ ആക്രമണത്തിനു പിന്നാലെ ഇസ്രയേൽ നടത്തുന്ന പ്രതികാര നടപടിയെച്ചൊല്ലി ഇരുവരും പലതവണ പരസ്പരം ഏറ്റുമുട്ടിയിട്ടിരുന്നു. ഗാസ യുദ്ധത്തിലുടനീളം ഗലാന്റും നെതന്യാഹുവും തമ്മിൽ പരസ്പരം കൊമ്പുകോർത്തിരുന്നു. 2023 മാർച്ചിൽ തനിക്കെതിരെ വ്യാപക തെരുവ് പ്രതിഷേധങ്ങൾ നടന്നപ്പോൾ പ്രതിരോധ മേധാവിയെ പുറത്താക്കാൻ നെതന്യാഹു ശ്രമിച്ചിരുന്നു.





**കുന്നത്തുനാട് പഞ്ചായത്തിലെ 16ാം മത് പ്രസിഡന്റായി 3ാം വാർഡ് മെമ്പറായിരുന്ന ശ്രീമതി ജാൻസി ഡേവിസിനെ തിരഞ്ഞെടുത്തു. UDF സ്ഥാനാർത്ഥിയായി മൽസരിച്ച 16ാം വാർഡ് മെമ്പർ മായാ വിജയന് 5 വോട്ടുകളും , ജാൻസി ഡേവിസിന് 10 വോട്ടുകളും ലഭിച്ചു. രണ്ട് LDF മെമ്പർമാരും, മെമ്പർ നിതാ മോളും തെരഞ്ഞെടുപ്പിൽ നിന്നും വിട്ടുന്നിന്നു.**

# സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം: പോസ്റ്റർ പ്രകാശനം ചെയ്തു

**ആലപ്പുഴ:** നവംബർ 15 മുതൽ 18 വരെ ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന്റെ പോസ്റ്റർ പ്രകാശനം സംഘാടക സമിതി ചെയർമാൻ കൂടിയായ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവ്വഹിച്ചു.

ശാസ്ത്രമേളയുടെ സംഘാടക സമിതി ഓഫീസായ എസ് ഡി വി ഗേൾസ് ഹൈസ്കൂളിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ അഡ്വ. ആർ റിയാസ് , അഡ്വ. ടി .എസ് താഹ, വിദ്യാഭ്യാസ ഉപഡയറക്ടർ ഇ എസ് ശ്രീലത, വി എച്ച് എസ് ഇ അസി. ഡയറക്ടർ സിന്ധു, മീഡിയ കമ്മറ്റി കൺവീനർ ടി മുഹമ്മദ് ഫൈസൽ, പബ്ലിസിറ്റി കമ്മറ്റി കൺവീനർ അനസ് എം അശറഫ്, വിവിധ സബ് കമ്മിറ്റി കൺവീനർമാർ എന്നിവർ പങ്കെടുത്തു.

# സ്കൂൾ ഓഫ് ഡ്രാമയിൽ മൂന്ന് റിസർച്ച് ചെയറുകൾ

**തിരുവനന്തപുരം:** ബൗദ്ധിക പര്യവേഷണം, കലാപരമായ സംരക്ഷണം, സാംസ്കാരിക പൈതൃകങ്ങളുടെ പോഷണം എന്നിവയെ പ്രതിനിധീകരിച്ചു സ്കൂൾ ഓഫ് ഡ്രാമയിൽ മൂന്ന് റിസർച്ച് ചെയറുകൾ ആരംഭിക്കാൻ ധാരണയായതായി മന്ത്രി ആർ ബിന്ദു അറിയിച്ചു. ദക്ഷിണേഷ്യൻ നാടകരംഗത്തെ പ്രഗത്ഭരായ പ്രൊഫ. ജി ശങ്കരപ്പിള്ള, പ്രഫ. വയലാ വാസുദേവൻ പിള്ള, പ്രൊ. രാമചന്ദ്രൻ മൊകേരി എന്നിവരുടെ പേരിലാണ് റിസർച്ച് ചെയറുകൾ.

ഏഷ്യൻ പെർഫോമൻസിനെ ഉത്തേജിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പ്രൊഫ. ജി ശങ്കരപ്പിള്ളയുടെ പേരിലുള്ള ചെയർ ഫോർ സൗത്ത് ഏഷ്യൻ തിയേറ്റർ ആൻഡ് പെർഫോമൻസസ് റിസർച്ച്. കേരളത്തിന്റെയും മലയാള നാടകവേദിയുടെയും സമ്പന്നമായ പാരമ്പര്യത്തെ കേന്ദ്രീകരിച്ചുള്ള സ്കോളർഷിപ്പ് മുഖ്യഘടകമായിട്ടുള്ളതാണ് പ്രൊഫ. വയലാ വാസുദേവൻ പിള്ള ചെയർ ഫോർ റിസർച്ച് ഇൻ കേരള ആൻഡ് മലയാളം തിയേറ്റർ ആൻഡ് പെർഫോമൻസ്. പരമ്പരാഗത നാടകവേദിയുടെ അതിരുകൾ ഭേദിക്കുന്നത്തിനായി സാമൂഹ്യമാറ്റം, ഭാഷാസമ്പാദനം, തിയേറ്റർ തെറാപ്പി എന്നിവയുടെ വിവിധ വശങ്ങൾ പഠനവിധേയമാക്കിക്കൊണ്ടാണ് പ്രൊഫ. രാമചന്ദ്രൻ മൊകേരി ചെയർ ഫോർ അപ്ലൈഡ് തിയേറ്റർ ആൻഡ് പ്രാക്ടീസ്. യുജിസിയും കാലിക്കറ്റ് സർവ്വകലാശാലയും നിഷ്കർഷിക്കുന്ന നിയമങ്ങളും അടിസ്ഥാനമാക്കിയാണ് മൂന്ന് ചെയറുകൾ ആരംഭിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

# ജലജീവൻ മിഷൻ: സംസ്ഥാനം 380 കോടി രൂപ അനുവദിച്ചു, ഇതുവരെ അനുവദിച്ചത് 11,000 കോടി രൂപ

**തിരുവനന്തപുരം:** ഗ്രാമീണ മേഖലയിൽ സമ്പൂർണ കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതിക്കായി കേരളത്തിന്റെ വിഹിതമായി 380 കോടി രൂപ അനുവദിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. കേന്ദ്ര വിഹിതമായ 387 കോടി രൂപ അനുവദിച്ചതിനു പിന്നാലെയാണ് കേരളം സംസ്ഥാനത്തിന്റെ വിഹിതം അനുവദിച്ചത്. ഇതോടെ ആകെ 767 കോടി രൂപ കൂടി പദ്ധിക്കായി അനുവദിച്ചു.

40,000 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. 10853.98 കോടി രൂപയാണ് പദ്ധതിയുടെ ഭാഗമായി ഇതുവരെ അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സംസ്ഥാന പദ്ധതിയായ ജലജീവൻ മിഷനിൽ 50 ശതമാനം തുക സംസ്ഥാനമാണ് മുടക്കുന്നത്. ഇതിനോടകം 55 ശതമാനത്തോളം കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. ശേഷിക്കുന്നത് ഒരു വർഷത്തിനകം പൂർത്തിയാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും ടാപ്പിലൂടെ കുടിവെള്ളം എത്തിക്കുന്ന പദ്ധതിയായ ജലജീവൻ മിഷൻ തുടങ്ങും മുൻപ് സംസ്ഥാനത്ത് 17 ലക്ഷം കണക്ഷനുകളാണ് ഉണ്ടായിരുന്നത്. ഇപ്പോഴത് 40 ലക്ഷത്തോളം ആയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പ് എന്നിവയാണ് സംസ്ഥാനത്ത് പദ്ധതിയുടെ നിർവഹണ ഏജൻസികൾ.

# തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് പ്രവർത്തനം തുടങ്ങി

**തിരുവനന്തപുരം:** യാത്രക്കാർക്കും ജീവനക്കാർക്കും അടിയന്തിര ചികിത്സാ ആവശ്യങ്ങൾക്കായി തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ നിർമ്മിച്ച എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് പ്രവർത്തനം തുടങ്ങി. ഗതാഗത മന്ത്രി കെ. ബി. ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിക്കും. കെഎസ്ആർടിസിയും, സൊസൈറ്റി ഫോർ എമർജൻസി മെഡിസിൻ ഇന്ത്യയും, നിംസ് മെഡിസിറ്റിയും സംയുക്തമായാണ് യൂണിറ്റ് സജ്ജമാക്കിയത്.

കൊട്ടാരക്കര, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, സുൽത്താൻ ബത്തേരി, കണ്ണൂർ, കാസർഗോഡ്, നെയ്യാറ്റിൻകര, നെടുമങ്ങാട്, തൃശൂർ ഡിപ്പോകളിലും എമർജൻസി മെഡിക്കൽ കെയർ യൂണിറ്റുകൾ ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു.

കെ.എസ്.ആർ.ടി.സി മാറ്റത്തിന്റെ പാതയിലാണെന്ന് മന്ത്രി ഗണേഷ് കുമാർ പറഞ്ഞു. തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ഓട്ടോ ഡ്രൈവർമാർ, വ്യാപാരികൾ തുടങ്ങിയവർക്കും ഇതിന്റെ സൗകര്യം ഉപയോഗിക്കാം. യൂണിറ്റിൽ എപ്പോഴും ഒരു നഴ്സിംഗ് ഓഫീസറുടെ സേവനം ലഭ്യമാകും. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഇത്തരമൊരു യൂണിറ്റ് തുടങ്ങുന്നതെന്ന് മന്ത്രി പറഞ്ഞു.

മുഴുവൻ ജീവനക്കാർക്കുമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുമെന്നും എല്ലാ വനിതാ ജീവനക്കാർക്കുമായി കാൻസർ സ്ക്രീനിങ് ഏർപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു. വൃത്തിയുള്ള ബസ് സ്റ്റേഷനുകൾ, ടോയ്‌ലെറ്റുകൾ, ജീവനക്കാരുടെ നല്ല പെരുമാറ്റം തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തണമെന്നും മന്ത്രി നിർദേശിച്ചു.

കെ.എസ്.ആർ.ടി.സി. സോഷ്യൽ മീഡിയ സെൽ ദൃശ്യാവിഷ്കാരം നല്കി ഗായകൻ ജി. വേണുഗോപാൽ ആലപിച്ച കെ.എസ്.ആർ.ടി.സി. ഗാനം പ്രകാശനം ചെയ്തു. ഗാനത്തിന്റെ രചനയും സംഗീതവും നിർവഹിച്ച കോഴിക്കോട് യൂണിറ്റിലെ ഡ്രൈവർ ബൈജു ഇരിങ്ങല്ലൂരിനെ മന്ത്രി പുരസ്ക്കാരം നല്കി ആദരിച്ചു.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് നിർദ്ദേശപ്രകാരം തലശ്ശേരി യൂണിറ്റ് നിർമ്മിച്ച ഡബിൾ ബെൽ എന്ന ഹ്രസ്വ ചിത്രത്തിന്റെ റിലീസിംഗും ചടങ്ങിൽ നടന്നു. ഇതിന്റെ പിന്നണിയിൽ പ്രവർത്തിച്ചവരെ മന്ത്രി പുരസ്കാരം നല്കി ആദരിച്ചു. ചടങ്ങിൽ ഫസ്റ്റ് എയ്ഡ് കിറ്റുകളും വിതരണം ചെയ്തു.

# അന്തർദേശീയ തിയേറ്റർ സ്കൂൾ ഫെസ്റ്റിവൽ ഫെബ്രുവരിയിൽ

**തിരുവനന്തപുരം:** അന്തർദേശീയ തിയേറ്റർ സ്കൂൾ ഫെസ്റ്റിവലിന്റെ (ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് തിയേറ്റർ സ്കൂൾസ്ഐ എ ഫ് ടി എസ്) മൂന്നാം പതിപ്പ് 2025 ഫെബ്രുവരി മൂന്നു മുതൽ എട്ടു വരെ തൃശ്ശൂരിൽ നടക്കുമെന്ന് മന്ത്രി ആർ ബിന്ദു. തിയേറ്ററും നൈതികതയും' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി അധ്യാപനശാസ്ത്ര കാർണിവലായാണ് ഫെസ്റ്റ് നടക്കുന്നത്. തിയേറ്ററും അതിന്റെ ധാർമികതയും സംബന്ധിച്ചുള്ള പഠനങ്ങളാണ് പ്രമേയത്തിന്റെ അടിസ്ഥാനം. കാലിക്കറ്റ് സർവകലാശാലയുടെ തൃശ്ശൂർ കേന്ദ്രമായ സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ് ആണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ലോക വൈജ്ഞാനിക മേഖലയിൽ തന്നെ നൂതനമാതൃകയായാണ് തിയേറ്റർ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. തിയേറ്റർ പ്രതിഭയും അധ്യാപകനുമായ ഡോ. അഭിലാഷ് പിള്ളയെ സ്കൂൾ ഓഫ് ഡ്രാമയുടെ ഡയറക്ടർ പദവിയിൽ നിയമിച്ചതിന്റെ തുടർച്ചയാണിത്. സാർവ്വദേശീയ തിയറ്റർപഠന സ്കൂളുകളുടെ ബോധനശാസ്ത്രോത്സവമായാണ് ഐ എഫ് ടി എസ് ആരംഭിച്ചത്. ഇതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നു. വൈവിധ്യമാർന്ന വിദ്യാഭ്യാസ മാതൃകകൾക്ക് രൂപം കൊടുക്കുവാനും നവീന വിദ്യാഭ്യാസ മാതൃകകൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടാണ് അന്തർദേശീയ തിയേറ്റർ സ്കൂൾ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. സ്കൂൾ ഓഫ് ഡ്രാമ ആന്റ് ഫൈൻ ആർട്സിനെ പൂർവ്വകാല പ്രൗഢിയോടെ അന്താരാഷ്ട്ര ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിന് തിയേറ്റർ ഫെസ്റ്റ് മികച്ച പങ്ക് വഹിച്ചിട്ടുണ്ട്.

കലയ്ക്കും മാനവികശാസ്ത്ര പഠനങ്ങൾക്കുമപ്പുറം ബിസിനസും പ്രകൃതിശാസ്ത്രവും അപ്ലൈഡ് സയൻസും ഉൾപ്പെട്ട പഠനമേഖലകളിലേക്കും സഹഭാവത്തിന്റെയും സർഗ്ഗാത്മകതയുടെയും സംസ്കാരം വളർത്താനും തിയേറ്റർ ഫെസ്റ്റ് ഉദ്ദേശിക്കുന്നു.

ഇതിലൂടെ നൈതികവും സുസ്ഥിരവുമായ പ്രയോഗരീതികളിലേക്ക് സമൂഹത്തെ നയിക്കാൻ ബോധനശാസ്ത്രത്തിനു കഴിയണമെന്നതാണ് ഫെസ്റ്റിവലിന്റെ കാഴ്ചപ്പാട്. പരമ്പരാഗത വിദ്യാഭ്യാസരീതികളുടെ അതിർത്തികളെ മറികടക്കാൻ തിയേറ്ററിന്റെ സാധ്യതകളെ ഉപയോഗിക്കാൻ കഴിയണം. ഇന്ത്യക്കകത്തും പുറത്തുമുള്ള വിവിധ സർവകലാശാലകളിൽ നിന്നും അധ്യാപകരും വിദ്യാർത്ഥികളും തെരഞ്ഞെടുക്കുന്ന നാടകപ്രവർത്തകരുമടക്കം ഇരുനൂറോളം പേർ പരിപാടിയിൽ പങ്കെടുക്കും.

അരണാട്ടുകര ക്യാമ്പസിലെ വ്യത്യസ്ത ഇടങ്ങളിലായി നടക്കുന്ന ശില്പശാലയോടൊപ്പം പരിശീലനക്കളരി, പാനൽ ചർച്ചകൾ, ഓപ്പൺ ഫോറം, പെഡഗോഗി, പ്രദർശനം എന്നിവ നടക്കും. പങ്കാളികളാവുന്ന സർവ്വകലാശാലകളിലെ വിദ്യാർഥികളുടെ നാടകാവതരണങ്ങളും അരങ്ങേറും. രണ്ടാമത് ഐ.എഫ്.ടി.എസിന്റെ ഭാഗമായി രൂപം കൊടുത്ത നാല് റിസർച്ച് ഫെല്ലോഷിപ്പുകൾ ഈ വർഷവും തുടരും. അധ്യാപകർക്കായി ഓരോ സീനിയർ ഫെല്ലോഷിപ്പും ഒരു എജ്യുക്കേഷൻ എക്സലൻസ് അവാർഡും ഈ വർഷം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായും മന്ത്രി അറിയിച്ചു.

# റേഷൻ കാർഡിലെ തെറ്റുതിരുത്താം; ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 'തെളിമ' പദ്ധതി 15 മുതൽ

**തിരുവനന്തപുരം:** റേഷൻ കാർഡുകളിലെ തെറ്റുതിരുത്താൻ കാർഡ് ഉടമകൾക്ക് അവസരം നൽകാനും അനധികൃതമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്താനുമായി ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 'തെളിമ' പദ്ധതി 15 ന് ആരംഭിക്കും. ഡിസംബർ 15 വരെ നീണ്ടുനിൽക്കും.

റേഷൻ കടകൾക്കു മുന്നിൽ താഴിട്ടു പൂട്ടി സ്ഥാപിക്കുന്ന ഡ്രോപ് ബോക്സിൽ പരാതികളും അപേക്ഷകളും ഇടാം. റേഷൻ കാർഡ് അംഗങ്ങളുടെ പേര്, ഇനിഷ്യൽ, മേൽവിലാസം, കാർഡ് ഉടമയുമായുള്ള ബന്ധം, അംഗങ്ങളുടെ തൊഴിൽ, എൽപിജി വിവരങ്ങൾ തുടങ്ങിയവയിലെ തെറ്റുകൾ തിരുത്തി നൽകും.

മുൻഗണനാ വിഭാഗത്തിലെ മഞ്ഞ, പിങ്ക് റേഷൻ കാർഡ് അംഗങ്ങളിൽ കാർഡിലെ തെറ്റുകൾ കാരണം മസ്റ്ററിങ് നിരസിക്കപ്പെട്ടവർക്ക് ഈ അവസരം ഉപയോഗപ്പെടുത്താം.

അതേസമയം, റേഷൻ കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വരുമാനം, വീടിന്റെ വിസ്തീർണം, വാഹനങ്ങളുടെ വിവരം എന്നിവയിൽ മാറ്റം വരുത്താനുള്ള അപേക്ഷകൾ ഈ പദ്ധതിയുടെ ഭാഗമായി സ്വീകരിക്കില്ല. അത്തരം അപേക്ഷകൾ രേഖകൾ സഹിതം അക്ഷയ കേന്ദ്രങ്ങൾ, സിറ്റിസൻ ലോഗിൻ മുഖേന മുൻപെന്ന പോലെ വകുപ്പിന്റെ പോർട്ടലിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കൂ.

റേഷൻ വിതരണത്തിലെ പ്രശ്നങ്ങൾ, ഗുണനിലവാരം, അളവ്, ലൈസൻസിയുടെ പെരുമാറ്റം എന്നിവ സംബന്ധിച്ച പരാതികളും സ്വീകരിക്കും

# ആദ്യദിനം നീന്തലിൽ അഞ്ച് റെക്കോഡുകൾ; തിരുവനന്തപുരം മുന്നിൽ



**കൊച്ചി:** നീന്തൽക്കുളത്തിൽ പിറന്ന അഞ്ച് റെക്കോഡുകളോടെ സംസ്ഥാന സ്കൂൾ കായികമേളയിലെ മത്സരദിനങ്ങൾക്ക് ആവേശകരമായ തുടക്കം. ഇതിനകം പൂ4ത്തിയായ ഗെയിംസ് മത്സരങ്ങളുടെ മികവിൽ തിരുവനന്തപുരം ജില്ലയാണ് പോയിന്റ് നിലയിൽ മുന്നിൽ. അക്വാട്ടിക്സ്, ഗെയിംസ് മത്സരയിനങ്ങളാണ് ആദ്യ ദിനം നടന്നത്. അക്വാട്ടിക്സിൽ 24 മത്സരങ്ങളും ഗെയിംസിൽ 28 മത്സരങ്ങളും പൂ4ത്തിയായി.

കായികമേളയുടെ ആവേശമായ അത്‌ല്റ്റിക്സ് മത്സരങ്ങൾക്ക് നാളെ (നവംബ4 7) മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ തുടക്കമാകും. സവിശേഷ പരിഗണന അ4ഹിക്കുന്നവ4 ക്കായുള്ള മത്സരയിനങ്ങളും പൂ4ത്തിയായി. ഗെയിംസ് ഇനങ്ങളിൽ 280 മത്സരങ്ങൾ പൂ4ത്തിയായപ്പോൾ 687 പോയിന്റുകളുമായി തിരുവനന്തപുരം ജില്ലയാണ് മുന്നിൽ. 79 സ്വ4ണ്ണവും 62 വെള്ളിയും 66 വെങ്കലവുമാണ് ജില്ല നേടിയത്.

40 സ്വ4ണവും 27 വെള്ളിയും 40 വെങ്കലവുമായി 373 പോയിന്റോടെ തൃശൂ4 രണ്ടാം സ്ഥാനത്തും 41 സ്വ4ണവും 27 വെള്ളിയും 40 വെങ്കലവുമായി 349 പോയിന്റോടെ കണ്ണൂ4 ജില്ല മൂന്നാം സ്ഥാനത്തുമാണ്.

കോതമംഗലം എംഎ കോളേജിൽ നടന്ന 400 മീറ്റ4 ഫ്രീസ്റ്റൈലിലാണ് മേളയിലെ ആദ്യ റെക്കോഡ് പിറന്നത്. തിരുവനന്തപുരം എം വി എച്ച് എസ് എസിലെ മോ9ഗം തീ4ഥു സാംദേവാണ് ഒളിംപിക്സ് മാതൃകയിൽ നടത്തുന്ന ആദ്യ സ്കൂൾ കായിക മേളയുടെ ചരിത്ര തീരത്തേക്ക് നീന്തിക്കയറിയത്. 2023 ലെ സ്വന്തം റെക്കോഡായ 4.19.76 മിനിറ്റാണ് മോ9ഗം തിരുത്തിക്കുറിച്ചത്. 4.16.25 ആണ് മോ9ഗത്തിന്റെ പുതിയ വേഗം. തുട4ന്ന് സീനിയർ ആൺകുട്ടികളുടെ 100 മീറ്റ4 ബാക്ക്സ്ട്രോക്ക് വിഭാഗത്തിൽ തുണ്ടത്തിൽ എംവിഎച്ച്എസിലെ എസ്. അഭിനവ്, 200 മീറ്റ4 ബ്രെസ്റ്റ് സ്ട്രോക്ക് സബ് ജൂനിയ4 ഗേൾസ് വിഭാഗത്തിൽ വെഞ്ഞാറമൂട് ഗവ.എച്ച് എസ് എസിലെ ആ4.ബി. ഭാഗ്യകൃഷ്ണ, ജൂനിയ4 പെൺകുട്ടികളുടെ 100 മീറ്റ4 ബാക്ക് സ്ട്രോക്കിൽ പ്രൊവിഡ9സ് ഹയ4 സെക്ക9ഡറി സ്കൂളിലെ കെ. ദേവിക, 200 മീറ്റര് ബ്രെസ്റ്റ് സ്ട്രോക്ക് ജൂനിയ4 ഗേൾസ് വിഭാഗത്തിൽ തുണ്ടത്തിൽ എം വി എച്ച് എസിലെ നടകുടിതി പവനി സരയു എന്നിവരും അക്വാട്ടിക് മത്സരയിനങ്ങളുടെ ആദ്യ ദിനത്തിൽ റെക്കോഡ് നേട്ടം കൈവരിച്ചു.

തിരുവനന്തപുരം ജില്ലയാണ് മേളയിലെ ആദ്യ മെഡൽ നേടിയത്. സവിശേഷ പരിഗണന അ4ഹിക്കുന്നവരുടെ വിഭാഗത്തിൽ നടന്ന 14 വയസിന് മുകളിലുള്ളവരുടെ മിക്സഡ് സ്റ്റാ9ഡിംഗ് ജമ്പിലാണ് തിരുവനന്തപുരം സ്വ4ണം നേടിയത്.

സവിശേഷ പരിഗണന അ4ഹിക്കുന്ന കുട്ടികളെ അണിനിരത്തി ചരിത്രത്തിലേക്ക് ചുവടുവെയ്ക്കുകയാണ് ഈ കായികമേള. എല്ലാവരെയും ചേ4ത്തുപിടിക്കുന്ന സ4ക്കാ4 നയത്തിന്റെ ഭാഗമായാണ് സവിശേഷ പരിഗണന അ4ഹിക്കുന്നവ4ക്കായി സമ4പ്പിച്ച ദിനത്തോടെ കായിക മേള തുടങ്ങിയത്.

എറണാകുളം ടൗൺഹാളിൽ നടന്ന ഫെൻസിംഗ് സീനിയർ വിമൻ എപ്പി വിഭാഗത്തിൽ വിജയിച്ചത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയുടെ മെഡൽ ജേതാക്കളായ നിവേദിയ നായരും റീബ ബെന്നിയുമാണ്.

സ്കൂളുകളിൽ 73 പോയിന്റുകളുമായി തിരുവനന്തപുരം സെന്റ് ജോസഫ് എച്ച് എസ്എസ് ആണ് മുന്നിൽ 52 പോയിന്റുകളുമായി വട്ടിയൂ4ക്കാവ് ഗവ. വിഎച്ച്എസ്എസ് രണ്ടാം സ്ഥാനത്തും 43 പോയിന്റുകളുമായി കോട്ടൺഹിൽ ഗവ. ഗേൾസ് എച്ച്എസ്എസ് മൂന്നാം സ്ഥാനത്താണ്.

# മീറ്റ് റിക്കാർഡോടെ പൊന്നണിഞ്ഞ് അഭിനവ്

**കൊച്ചി:** സീനിയർ ആൺകുട്ടികളുടെ നൂറ് മീറ്റർ ബാക്ക് സ്ട്രോക്ക് നീന്തൽ മത്സരത്തിൽ മീറ്റ് റിക്കാർഡോടെ പൊന്നണിഞ്ഞ് എസ്. അഭിനവ്. നിലവിലുള്ള റിക്കാർഡ് സമയമായ 1:02. 27 മിനിറ്റ് മറികടന്നാണ് അഭിനവ് (1:02.12 മിനിറ്റ്) നീന്തിക്കയറിയത്.

ഇതോടെ 2022ൽ തൃശൂർ മോഡൽ ബോയ്സ് സ്കൂളിലെ ടി.ജെ. ധനുഷ് നേടിയ സമയം പഴങ്കഥയായി. തിരുവനന്തപുരം തുണ്ടത്തിൽ എംവിഎച്ച്എസ്എസിലെ പ്ലസ് ടു വിദ്യാർഥിയായ അഭിനവ് കഴിഞ്ഞ വർഷത്തെ ദേശീയ സ്കൂൾ കായികമേളയിൽ 200 മീറ്റർ ഫ്രീ സ്റ്റൈലിൽ സുവർണ നേട്ടം കൈവരിച്ചിരുന്നു.ദേശീയ ജൂണിയർ കായികമേളയിൽ ഇതേയിനത്തിൽ മൂന്നാം സ്ഥാനം നേടി. ആലപ്പുഴ ചന്പക്കുളം പുത്തൻവീട്ടിൽ സുരാജിൻറെയും സുജയുടെയും മകനാണ്. തിരുവനന്തപുരം സായിയിലെ അഭിലാഷിനു കീഴിലാണ് പരിശീലനം.



ജൂണിയർ ആൺകുട്ടികളുടെ 400 മീറ്റർ ഫ്രീ സ്റ്റൈൽ നീന്തലിൽ തിരുവനന്തപുരം തുണ്ടത്തിൽ എംവിഎച്ച്എസ്എസിലെ പ്ലസ് വൺ വിദ്യാർഥിയും ആന്ധ്രാപ്രദേശ് വിജയവാഡ സ്വദേശിയുമായ മോൻഗം തീർഥു സാം ദേവ് സ്വന്തം പേരിലെ റിക്കാർഡ് തിരുത്തി. കഴിഞ്ഞ വർഷം കുറിച്ച 4:19.76 മിനിറ്റ് ഇക്കുറി 4:16.25 ആക്കി പുതുക്കുകയായിരുന്നു. തിരുവനന്തപുരം ഗ്ലെൻ മാർക്ക് അക്വാട്ടിക് ഫൗണ്ടേഷനിൽ പരിശീലനം നടത്തുന്ന മോൻഗം മികച്ച പരിശീലനം ലക്ഷ്യമിട്ട് 2022ൽ ആണ് കേരളത്തിലെത്തിയത്. അമ്മ നവ്യ ദീപികയ്ക്കൊപ്പം തിരുവനന്തപുരത്താണ് താമസം. അഭിലാഷ് തന്പിക്ക് കീഴിലാണ് മോൻഗം പരിശീലനം.

# ട്രാക്കിലെ അകക്കണ്ണ്

**കൊച്ചി:** സംസ്ഥാന സ്കൂൾ കായിക മേളയിൽ സവിശേഷ പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിൽ 14 വയസിൽ താഴെയുള്ളവരുടെ 100 മീറ്ററിൽ അഖിൽരാജും ഗ്രീറ്റിയ ബിജുവും ജേതാക്കൾ.



വയനാട് കാക്കവയൽ ജിഎച്ച്എസ് എസിലെ വിദ്യാർഥിയായ അഖിൽരാജിന് 40 ശതമാനം മാത്രമാണ് കാഴ്ചശക്തിയുള്ളത്. ഗൈഡ് റണ്ണർ എം.ജി. അപ്പുവിൻറെ കൈപിടിച്ച് 15.53 സെക്കൻഡിൽ ഫിനിഷ് ചെയ്ത് അഖിൽരാജ് സുവർണ നേട്ടത്തിന് അർഹനായി.

അപ്പു മാനന്തവാടി ജിവിഎച്ച്എസ്എസിലെ വിദ്യാർഥിയാണ്. അപ്പുവിൻറെ സ്കൂളിൽ അഖിൽ പരിശീലനത്തിയതിനെ തുടർന്നാണ് ഇരുവരും ഒരുമിച്ച് ഓടാൻ തുടങ്ങിയത്. ആദിവാസി ഗോത്രവിഭാഗത്തിലെ കാട്ടുനായ്ക്കരാണ് അഖിൽ. അപ്പു പണിയ വിഭാഗവുമാണ്.വാര്യാട് കുന്ന് സ്വദേശികളായ രാജുവിൻറെയും സുജയുടെയും മകനാണ് അഖിൽ. ഈ ഇനത്തിൽ കോട്ടയത്തിൻറെ കെ.ജെ. ജസ്റ്റിൻ വെള്ളിയും ആലപ്പുഴയുടെ സഞ്ജയ് സുരേഷ് വെങ്കലവും നേടി.



# ശബരിമല സ്പോട് ബുക്കിങ്: ഒരു ദിവസം 10,000 പേർക്ക് അവസരം; ബുക്കിങ്ങിന് 3 കൗണ്ടറുകൾ

**ശബരിമല:** മണ്ഡലകാലത്ത് ദർശനത്തിനുള്ള വെർചൽ ക്യു എടുക്കാൻ കഴിയാത്ത തീർഥാടകർക്കായി 3 സ്ഥലങ്ങളിൽ സ്പോട്ട് ബുക്കിങ് സൗകര്യം. ബുക്കിങ്ങിന് ആധാർ കാർഡ് നിർബന്ധമാണ്. സ്പോട്ട് ബുക്കിങ് ചെയ്യുന്നവർക്കു ഫോട്ടോ പതിച്ച പാസ് നൽകാനും ദേവസ്വം ബോർഡ് തീരുമാനിച്ചു. പമ്പ, എരുമേലി, സത്രം (പീരുമേട്) എന്നിവിടങ്ങളിലാണ് ഇതിനായി കൗണ്ടർ തുറക്കുക. പമ്പയിലെ വലിയ തിരക്കു പരിഗണിച്ച് കൗണ്ടറുകളുടെ എണ്ണം കൂട്ടും. കഴിഞ്ഞ തീർഥാടന കാലത്തും മാസപൂജയ്ക്കും 3 കൗണ്ടറായിരുന്നു ഉണ്ടായിരുന്നത്. അത് ആറായി ഉയർത്തും.

എന്നാൽ കൂടുതൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്ന നിലയ്ക്കലും തെക്കൻ മേഖലയിൽ നിന്നു കൂടുതൽ ആളെത്തുന്ന പന്തളത്തും കൗണ്ടറില്ലാത്തത് പമ്പയിൽ തിരക്ക് വർധിക്കാൻ കാരണമാകുമോ എന്ന് ആശങ്കയുണ്ട്. പ്രതിദിനം 80,000 പേർക്കാണ് ദർശനം. ഇതിൽ 70,000 വെർചൽ ക്യൂ ബാക്കി സ്പോട്ട് ബുക്കിങ്ങിനായും പരിഗണിക്കും. ഇരുമുടിക്കെട്ടുമായി വരുന്ന മുഴുവൻ തീർഥാടകർക്കും ദർശനം ലഭിക്കുന്ന വിധത്തിലാണു ക്രമീകരണമെന്ന് അധികൃതർ പറഞ്ഞു.

ക്യൂആർ കോഡ് സ്കാൻ ചെയ്താൽ സ്പോട് ബുക്കിങ് ചെയ്ത തീർഥാടകന്റെ എല്ലാ വിവരങ്ങളും അറിയാൻ സാധിക്കുന്ന വിധത്തിലുള്ള പാസാണു നൽകുന്നത്. ഇതിനായി പ്രത്യേക സംവിധാനം ഒരുക്കാനും ദേവസ്വം ബോർഡ് തീരുമാനിച്ചതായി ബോർഡ് അംഗം എ.അജികുമാർ പറഞ്ഞു.



# രാമക്കൽമേട്ടിൽ സഞ്ചാരികളെ കടത്തിവിടുന്നതിന് താൽക്കാലിക അനുമതി

**നെടുങ്കണ്ടം:** തമിഴ്നാട് സർക്കാർ പ്രവേശനം നിരോധിച്ച രാമക്കൽമേട്ടിൽ സഞ്ചാരികളെ കടത്തിവിടുന്നതിന് താൽക്കാലിക അനുമതി. പ്ലാസ്റ്റിക് മാലിന്യങ്ങൾ വനാതിർത്തിയിൽ ഉപേക്ഷിക്കില്ലെന്ന ഉറപ്പിലാണ് അനുമതി ലഭിച്ചതെന്ന് റിസോർട്ട് ആൻഡ് ഹോംസ്റ്റേ അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു. വിഷയത്തിൽ തേനിഇടുക്കി കലക്ടർമാർ തമ്മിലും ചർച്ച നടത്തിയിരുന്നു. ഓഗസ്റ്റ് എട്ടിനാണ് രാമക്കല്ലിലേക്കുള്ള പ്രവേശനം തടഞ്ഞതായി അറിയിച്ച് തമിഴ്നാട് വനംവകുപ്പ് ബോർഡ് സ്ഥാപിച്ചത്. തമിഴ്നാടിന്റെ പരിധിയിലുള്ള വനത്തിലാണ് രാമക്കൽ സ്ഥിതി ചെയ്യുന്നത്.

ഇവിടെയെത്തുന്ന സഞ്ചാരികൾ വനത്തിനുള്ളിൽ പ്ലാസ്റ്റിക്കും മാലിന്യങ്ങളും തള്ളുന്നത് പതിവായതോടെയാണ് തമിഴ്നാട് പ്രവേശനം തടഞ്ഞ നടപടിയുമായി രംഗത്തെത്തിയത്. മേഖലയിലെ മാലിന്യ പ്രശ്നത്തെക്കുറിച്ച് മുൻപും തമിഴ്നാട് പരാതികൾ ഉന്നയിച്ചിരുന്നു. വനത്തിലെ മാലിന്യ തള്ളൽ തുടർന്നാൽ കർശന നിയമ നടപടി സ്വീകരിക്കുമെന്നും പ്രവേശനം പൂർണമായും തടയുമെന്നുമാണ് തമിഴ്നാട് വനംവകുപ്പ് അധികൃതർ പറയുന്നത്.

രാമക്കൽമേട്ടിൽ എത്തുന്ന സഞ്ചാരികൾക്ക് ഇത് സംബന്ധിച്ച് കർശന നിർദേശം നൽകാനും പ്ലാസ്റ്റിക് ശേഖരിക്കാനുള്ള ബിന്നുകളിൽ മാത്രം മാലിന്യം ശേഖരിക്കാനുമാണ് തീരുമാനം.

രാമക്കൽമേട്ടിൽ കലക്ടർ സന്ദർശനം നടത്തി. ആമപ്പാറയിലും അനേർട്ട് സോളർ പാടത്തും കുറുവൻകുറത്തിമലയിലും സന്ദർശനം നടത്തിയ ശേഷമാണ് കലക്ടർ വി.വിഘ്നേശ്വരി മടങ്ങിയത്.

ഫീൽഡ് വിസിറ്റിന്റെ ഭാഗമായാണ് സന്ദർശനം എന്നാണ് വിവരം. തമിഴ്നാടുമായി അതിർത്തി തർക്കം നിലനിൽക്കുന്ന മേഖലയിലെ സന്ദർശനം നയപരമായി പരിഹരിക്കുന്നതിന് കലക്ടറുടെ സന്ദർശനം ഗുണകരമാകുമെന്നാണ് പ്രതീക്ഷ.

# സബ്സിഡി ഇനങ്ങൾക്ക് സപ്ലൈകോയിൽ ക്ഷാമം

**തൊടുപുഴ:** സബ്സിഡി ഇനങ്ങൾ തൊടുപുഴ സപ്ലൈകോ ഡിപ്പോയിൽ പകുതിയോളം തീർന്നതോടെ വിൽപനകേന്ദ്രങ്ങൾ കാലിയായി. തൊടുപുഴയിലെ സപ്ലൈകോ മാവേലി നിലവിൽ സബ്സിഡി ഉൽപന്നങ്ങളിൽ 6 എണ്ണമേ ലഭ്യമുള്ളൂ. ഓണത്തിനാണു സബ്സിഡി ഇനത്തിൽ നൽകുന്ന 13 സാധനങ്ങളും ഒരുമിച്ച് വിൽപനകേന്ദ്രങ്ങളിൽ എത്തിയതെന്നു ജീവനക്കാർ പറയുന്നു. കഴിഞ്ഞ മാസം രണ്ടാംവാരം വരെ ചെറുപയർ, പഞ്ചസാര, മല്ലി, മുളക് എന്നിവ ഉണ്ടായിരുന്നു. നിലവിൽ വിൽപനകേന്ദ്രങ്ങളിൽ എത്തിയാൽ സബ്സിഡി റാക്കുകളിൽ ഇവയുടെയെല്ലാം പേര് എഴുതിയ ബോർഡ് മാത്രം കാണാം. സാധനങ്ങൾ ഇല്ലാത്ത വിവരം അറിയാതെ എത്തുന്ന ഉപഭോക്താക്കൾ നിരാശരായി മടങ്ങുന്നു. തൊടുപുഴ സപ്ലൈകോ ഡിപ്പോയ്ക്കു കീഴിൽ 12 മാവേലി സ്റ്റോർ, 8 സൂപ്പർമാർക്കറ്റ്, ഒരു പീപ്പിൾസ് ബസാർ എന്നിങ്ങനെ 21 ഔട്‌ലെറ്റുകളാണ് ഉള്ളത്.

എല്ലായിടത്തും സമാന അവസ്ഥയാണ്. പ്രധാനമായും സബ്സിഡി ഉൽപന്നങ്ങൾ വാങ്ങാനാണ് കൂടുതൽ പേരും സപ്ലൈകോ സ്റ്റോറുകളെ ആശ്രയിക്കുന്നത്. സബ്സിഡി ഉൽപന്നങ്ങൾ സുലഭമായാൽ അവയ്ക്കൊപ്പം മറ്റ് ഉൽപന്നങ്ങളും സപ്ലൈകോയിൽ നിന്നു തന്നെ ആളുകൾ വാങ്ങി തുടങ്ങും. അടുത്ത മാസമേ സ്റ്റോക്ക് എത്തുകയുള്ളൂ എങ്കിൽ സാധാരണക്കാർക്ക് കൂടിയ വിലയ്ക്ക് പുറത്തു നിന്നു സാധനങ്ങൾ വാങ്ങുന്നത് വലിയ സാമ്പത്തിക ബുദ്ധിമുട്ടാണ് ഉണ്ടാക്കുക.

സപ്ലൈകോ വില കുറച്ചു നൽകുമ്പോൾ, സബ്സിഡി സർക്കാരാണു നൽകുന്നത്. എന്നാൽ ഈ തുക നൽകാൻ വൈകുന്നതാണ് പ്രതിസന്ധിക്കു കാരണം. ഒരാഴ്ച കൂടി കഴിഞ്ഞ നിലവിലുള്ള സാധനങ്ങളും തീരും. അതിനു മുൻപെങ്കിലും സാധനങ്ങൾ എത്തുമെന്ന പ്രതീക്ഷയിലാണ് ജീവനക്കാരും തൊഴിലാളികളും.

# അന്താരാഷ്ട്ര സിമ്പോസിയം

**തിരുവനന്തപുരം:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ നവംബർ 20 നു 'വൺ ഹെൽത്ത് ആൻഡ് എമർജിങ് ഇൻഫെക്ഷൻസ്' എന്ന വിഷയത്തിൽ ഏകദിന അന്താരാഷ്ട്ര സിമ്പോസിയം സംഘടിപ്പിക്കും. കേരളം അഭിമുഖീകരിക്കുന്ന ആവർത്തിച്ചുള്ള ജന്തുജന്യ വൈറസ് രോഗങ്ങളായ നിപ്പ, കൈസന്നൂർ ഫോറസ്റ്റ് ഡിസീസ്, ചിക്കുൻഗുനിയ, ഡെംഗു, റാബീസ് എന്നീ രോഗങ്ങളുടെ നിയന്ത്രണത്തിനും നിർമ്മാർജ്ജനത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് വൺ ഹെൽത്ത്. ദേശീയ അന്തർദേശീയ ആരോഗ്യമേഖലകളിലെ വൈറോളജി വിദഗ്ധർ നിപ്പ, എംപോക്സ്, റാബീസ്, എവിയൻ ഇൻഫ്ലുവൻസ അമീബിക് മെനിഞ്ചോഎൻസഫലൈറ്റിസ് തുടങ്ങിയ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ക്ലിനിക്കൽ / പ്രീക്ലിനിക്കൽ വിദഗ്ധർ, വിവിധ യൂണിവേഴ്സിറ്റികൾ, കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഗവേഷണ വിദ്യാർഥികൾ ഉൾപ്പെടെ 250 പേർ പങ്കെടുക്കും. ഐഎവി ക്യാമ്പസിൽ നടക്കുന്ന പരിപാടിയിൽ രജിസ്റ്റർ ചെയ്തവർക്കായിരിക്കും പ്രവേശനം. 10നകം രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക്:s ymposium@iav.res.in.

# പമ്പാവാലി, ഏയ്ഞ്ചൽവാലി, തട്ടേക്കാട്: കേന്ദ്ര വിദഗ്ധ സമിതി പരിശോധന നടത്തും

**തിരുവനന്തപുരം:** പെരിയാർ കടുവാസങ്കേത്തിനകത്തെ ജനവാസ മേഖലകളായ പമ്പാവാലി, ഏയ്ഞ്ചൽവാലി പ്രദേശങ്ങളെയും തട്ടേക്കാട് പക്ഷി സങ്കേതത്തിനകത്തെ ജനവാസ മേഖലകളെയും സങ്കേതത്തിൽ നിന്നും ഒഴിവാക്കണമെന്ന സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശ പരിഗണിച്ച് കേന്ദ്ര വന്യജീവി ബോർഡിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി നിയോഗിച്ച വിദഗ്ധ സമിതി അംഗങ്ങൾ സ്ഥലം സന്ദർശിക്കും. 2024 ഡിസംബർ 19, 20, 21 തീയതികളിലാണ് സംഘം പരിശോധന നടത്തുക.

ദേശീയ വന്യജീവി ബോർഡിന്റ സ്റ്റാന്റിംഗ് കമ്മിറ്റി അംഗവും പ്രശസ്ത ശാസ്ത്രജ്ഞനുമായ ഡോ. സുകുമാർ, ദേശീയ വന്യജീവി വിഭാഗം ഇൻസ്പെക്ടർ ജനറൽ, സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധി തുടങ്ങിവരാണ് സമിതിയിലെ അംഗങ്ങൾ. ടൈഗർ റിസർവ്, കേന്ദ്ര വന്യജീവി വകുപ്പ് എന്നിവയിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും സംഘത്തോടൊപ്പം ഉണ്ടായിരിക്കും.

ഒക്ടോബർ 5ന് വിളിച്ച സംസ്ഥാന വന്യജീവി ബോർഡ് യോഗമാണ് ജനവാസ മേഖലകൾ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വന്യജീവി ബോർഡിന് ശുപാർശ ചെയ്യാനുള്ള തീരുമാനമെടുത്തത്. സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശ കേന്ദ്ര വന്യജീവി ബോർഡിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി പരിഗണനയ്ക്ക് കൊണ്ടുവരാൻ സാധിച്ചു എന്നത് സംസ്ഥാന സർക്കാരിന്റെ നേട്ടവും ഈ വിഷയത്തിലെ വനം വകുപ്പിന്റെ ആത്മാർത്ഥ പ്രവർത്തനത്തിന്റെ ഫലവുമാണെന്ന് വനംവന്യജീവി വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ അഭിപ്രായപ്പെട്ടു. വിദഗ്ധ സമിതിയുടെ മുൻപാകെ കാര്യങ്ങൾ അവതരിപ്പിക്കാൻ ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും സാഹചര്യം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

# നാട്ടാനകൾക്കെതിരായ ക്രൂരത തടയൽ; മാർഗരേഖയുമായി ഹൈക്കോടതി

**കൊച്ചി:** നാട്ടാനകൾക്ക് എതിരെയുള്ള ക്രൂരത തടയാനുള്ള മാർഗരേഖ ഹൈക്കോടതി പുറപ്പെടുവിക്കും. കരട് നിർദേശങ്ങൾ 12 ന് വ്യക്തമാക്കുമെന്നു ജസ്റ്റിസ് ഡോ.എ.കെ.ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് പി.ഗോപിനാഥ് എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് അറിയിച്ചു.




എഴുന്നള്ളിപ്പ് ഉൾപ്പെടെയുള്ള അവസരങ്ങളിൽ നടപ്പാക്കേണ്ട നിയന്ത്രണങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ അമിക്കസ് ക്യൂറി ഡിവിഷൻ ബെഞ്ചിൽ നൽകിയിരുന്നു. സ്വകാര്യ ചടങ്ങുകൾക്കും ഉദ്ഘാടനത്തിനും ആനകളെ ഉപയോഗിക്കരുതെന്ന് ഉൾപ്പെടെയുള്ള നിർദേശങ്ങളാണ് അമിക്കസ് ക്യൂറി ടി.സി. സുരേഷ് മേനോൻ സമർപ്പിച്ചിരിക്കുന്നത്.

നാട്ടാനകളുടെ പരിപാലനവും മറ്റും സംബന്ധിച്ച 2012 ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയുള്ള 2023ലെ ചട്ടം ഇപ്പോഴും കരട് നിലയിലാണെന്നും അമിക്കസ് ക്യൂറി അറിയിച്ചു. ഇതിന്റെയും കൂടി അടിസ്ഥാനത്തിലാണ് ഡിവിഷൻ ബെഞ്ചിന്റെ നടപടി.

20182024 കാലഘട്ടത്തിൽ നിലവിലുള്ള നാട്ടാനകളിൽ 30% ചരിഞ്ഞെന്നു കണക്കുകൾ പരിശോധിച്ച് കോടതി പറഞ്ഞു. നാട്ടാന സൗഹൃദ സംസ്ഥാനമാക്കാതെ, മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കു കൂടുതൽ ആനകളെ എത്തിക്കുന്നത് പ്രോത്സാഹിപ്പിക്കില്ല. ക്ഷേത്രാചാരങ്ങൾക്കായി ആനകളെ എഴുന്നള്ളിക്കുന്നതിന് തടസ്സമില്ല. എന്നാൽ ഉത്സവങ്ങൾക്ക് ആനകളുടെ എണ്ണം കൂട്ടുന്ന പ്രവണതയാണ് ഇപ്പോൾ. ഇതിന് പിന്നിൽ വാണിജ്യ താൽപര്യമുണ്ട്. സമൂഹമാധ്യമ പ്രചാരണവും കാരണമാകുന്നുണ്ടെന്ന് കോടതി ചൂണ്ടികാട്ടി.

തുറവൂർ ക്ഷേത്രത്തിൽ ദീപാവലി സമയത്തെ ഉത്സവത്തിന് ആനകൾക്ക് പനമ്പട്ട മാത്രമാണ് നൽകിയത്. വിലക്കുറവായതാകാം കാരണം. പനമ്പട്ട മാത്രം കഴിക്കുന്നത് ആരോഗ്യപ്രശ്നം ഉണ്ടാക്കുമെന്നും കോടതി ചൂണ്ടിക്കാട്ടി. നാട്ടാനകളെ സംബന്ധിച്ച ഹർജിയാണു ഹൈക്കോടതി പരിഗണിച്ചത്.

65 വയസ്സ് പിന്നിട്ട ആനകളെ എഴുന്നള്ളിപ്പിന് ഉപയോഗിക്കരുതെന്ന് ഉൾപ്പെടെയുള്ള നിർദേശങ്ങളാണ് അമിക്കസ് ക്യൂറി നൽകിയിരിക്കുന്നത്. ആനകളെ ഒരു ദിവസം 100 കിലോമീറ്ററിൽ കൂടുതൽ വാഹനത്തിൽ കൊണ്ടുപോകരുത്. 30 കിലോമീറ്ററിലേറെ നടത്തിക്കരുത്. ഓരോ എഴുന്നള്ളിപ്പിനു ശേഷവും 24 മണിക്കൂർ വിശ്രമം നിർബന്ധമാക്കണം. ആനകളുടെ തലപ്പൊക്ക മത്സരം, വണങ്ങൽ, പുഷ്പവൃഷ്ടി എന്നിവ പാടില്ല.

ഘോഷയാത്രയ്ക്കും എഴുന്നള്ളിപ്പിനും ആനകളെ ഉപയോഗിക്കുമ്പോൾ അവ തമ്മിൽ നാലു വശത്തും മൂന്നു മീറ്ററിൽ കുറയാതെ അകലം വേണം. ജനങ്ങളുമായി 10 മീറ്റർ അകലം വേണം. ആനകളിൽ നിന്ന് കുറഞ്ഞത് 5 മീറ്ററെങ്കിലും അകലത്തിലാകണം തീവെട്ടി. എട്ടു മീറ്ററിൽ കുറവ് വീതിയുള്ള പൊതുറോഡിൽ ഘോഷയാത്രയ്ക്ക് അനുമതി നൽകരുത്.

വെടിക്കെട്ട് നടക്കുന്നയിടത്തു നിന്നു 100 മീറ്റർ അകലം പാലിക്കണം. മൂന്നിലേറെ ആനകളെ എഴുന്നള്ളിക്കുന്നുണ്ടെങ്കിൽ സർക്കാർ വെറ്ററിനറി ഡോക്ടർ മുഴുവൻസമയവും സ്ഥലത്തുണ്ടായിരിക്കണം തുടങ്ങിയ നിർദേശങ്ങളാണ് അമിക്കസ് ക്യൂറി സമർപ്പിച്ചത്.

അമിക്കസ് ക്യൂറിയുടെ ശുപാർശകൾ പരിശോധിക്കുമെന്ന് കോടതി വ്യക്തമാക്കി. ദേവസ്വം ബോർഡ്, ആന ഉടമകൾ എന്നിവരുടെ ഭാഗം കൂടി കേട്ട ശേഷമാകണം തീരുമാനമെന്ന് വനം വകുപ്പ് കോടതിയെ അറിയിച്ചു.

# ലാഭവിഹിതവും ചികിത്സാസഹായവുമായി മലനാട് കാർഷിക ഗ്രാമവികസന ബാങ്ക്

## 1.15 കോടി രൂപ വിതരണം ചെയ്യും

**നെടുങ്കണ്ടം:** നെടുങ്കണ്ടം മലനാട് കാർഷിക ഗ്രാമവികസന ബാങ്ക് ഈ വർഷം ലാഭവിഹിതവും ചികിത്സാ സഹായവുമായി അംഗങ്ങൾക്ക് 1.15 കോടി രൂപ വിതരണം ചെയ്യുമെന്ന് ബാങ്ക് ഭരണസമിതി പത്രസമ്മേളനത്തിൽ അറിയിച്ചു.



സഹകരണമേഖല കടുത്ത പ്രതിസന്ധി നേരിടുന്ന കാലഘട്ടത്തിലും ഏറ്റവും കൂടുതൽ വായ്പകൾ നൽകുന്ന ബാങ്കാണ് മലനാട് കാർഷിക ഗ്രാമവികസന ബാങ്ക്. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്കിൻറെ ഈ വർഷത്തെ ലാഭം 1.29 കോടി രൂപയാണ്.

ഇതിൽനിന്നു 90 ലക്ഷം രൂപയാണ് ഓഹരി ഉടമകൾക്ക് വിതരണം ചെയ്യുന്നത്. കൂടാതെ അംഗങ്ങളിൽ വൃക്ക, കരൾ, ഹൃദയ സംബന്ധമായ രോഗങ്ങൾ, അപകടം മൂലം കിടപ്പിലായ വായ്പ്പക്കാരായ അംഗങ്ങൾ എന്നിവർക്ക് 25 ലക്ഷം രൂപ ചികിത്സാധനസഹായമായും നൽകും.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കാണ് ചികിത്സാധനസഹായത്തിൻറെ ആനുകൂല്യം ലഭിക്കുന്നത്.

ഒരു വ്യക്തിക്ക് പരമാവധി 25,000 രൂപവരെ നൽകും. അർഹരായവർ 30ന് മുമ്പായി ചികിത്സാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം നെടുങ്കണ്ടത്തെ ഹെഡ് ഓഫീസിൽ അപേക്ഷ നൽകണം.

ഓരോ വർഷവും ശരാശരി 100 കോടി രൂപയുടെ വായ്പകളാണ് ബാങ്ക് നൽകുന്നത്. കേരളത്തിൽ ഏറ്റവും അധികം കാർഷികവായ്പകൾ നൽകുന്നതും മലനാട് ബാങ്കാണ്. കൃത്യമായി വായ്പകൾ തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ ഇളവ്, റിസ്ക് ഫണ്ട്, മറ്റ് സ്കീമുകൾ തുടങ്ങിയവ വഴി കഴിഞ്ഞ സാമ്പത്തികവർഷം 1.10 കോടി രൂപയുടെ ആനുകൂല്യം അംഗങ്ങൾക്ക് വിതരണം ചെയ്തു.

ബാങ്കിൻറെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കുമളിമൂന്നാർ റോഡ്, തൂക്കുപാലം രാമക്കൽമേട് റോഡ് എന്നിവയുടെ സമീപത്ത് രണ്ടേക്കർ സ്ഥലം വാങ്ങുന്നതിനും ബ്രാഞ്ചുകൾക്ക് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതായി ബാങ്ക് പ്രസിഡൻറ് ജോസ് പാലത്തിനാൽ, ഭരണസമിതിയംഗം ബേബിച്ചൻ ചിന്താർമണി, സെക്രട്ടറി സാബു ജോൺ എന്നിവർ അറിയിച്ചു.

# പത്തനംതിട്ട കോടതി സമുച്ചയം: സ്ഥലമേറ്റെടുപ്പിന് വിജ്ഞാപനമായി

**പത്തനംതിട്ട:** ഏറെ നാളത്തെ വിവാദങ്ങൾക്കും കാത്തിരിപ്പിനുമൊടുവിൽ ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയത്തിനു സ്ഥലമേറ്റെടുക്കൽ വിജ്ഞാപനമായി. നഗരത്തിൽ റിംഗ് റോഡരികിൽ. താഴെവെട്ടിപ്രത്ത് 2.3279 ഹെക്ടർ സ്ഥലം (5.75 ഏക്കർ) ഏറ്റെടുക്കാൻ സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്തു. റിംഗ് റോഡിനരികിലുള്ള 24 ഉടമകളുടെ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

ഏറെ നിയമയുദ്ധങ്ങൾക്കും തർക്കങ്ങൾക്കുമൊടുവിലാണ് ഭൂമി ഏറ്റെടുക്കലിലേക്ക് എത്തിയിരിക്കുന്നത്. ബാർ അസോസിയേഷൻ പ്രസിഡൻറുമാരായിരുന്ന പീലിപ്പോസ് തോമസ്, സരോജ് മോഹൻകുമാർ, അഭിഭാഷകനായ മഹേഷ്റാം എന്നിവരുടെ നേതൃത്വത്തിലാണ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി നിയമയുദ്ധം നടത്തിയത്.

സ്ഥലം ഏറ്റെടുക്കാനായി ഗസറ്റ് വിജ്ഞാപനം 2023 മേയിൽ ഇറങ്ങിയിരുന്നുവെങ്കിലും പണത്തിൻറെ ലഭ്യതക്കുറവു കാരണം നടപടികൾ മുന്നോട്ടു പോയില്ല.

24 തണ്ടപ്പേരിലുള്ള ഭൂമി ഏറ്റെടുത്ത് റവന്യു വിഭാഗം അറിയിപ്പ് നൽകിയിരുന്നു. ഭൂമിവില സർക്കാർ അനുവദിക്കുന്നതനുസരിച്ച് നൽകുമെന്നായിരുന്നു തീരുമാനം. സ്ഥലം ഏറ്റെടുക്കാനായാൽ കെട്ടിടനിർമാണ നടപടികൾ വേഗത്തിൽ നടത്താനാകും. കോടതികളുടെ നിർമാണത്തിനായി പ്രത്യേകഫണ്ട് ഉണ്ട്.

നിർമാണം പൂർത്തിയാകുന്നതോടെ ജില്ലാ ആസ്ഥാനത്തെ മുഴുൻ കോടതികളും അനുബന്ധ ഓഫീസുകളും പുതിയ കെട്ടിടസമുച്ചയത്തിലേക്കു മാറ്റും. കേസുകൾ വേഗത്തിലാക്കാനും മറ്റും ഇതു വഴിയൊരുക്കുമെന്നാണ് പ്രതീക്ഷ.

സ്ഥലം ഏറ്റെടുപ്പിന് പത്തു കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഏക്കറിന് നാലു കോടി വീതം കിട്ടണമെന്നാണ് ഉടമകളുടെ അവകാശവാദം. ഇക്കാര്യം ചൂണ്ടിക്കാട്ടി ഉടമകൾ ഹൈക്കോടതിയെ സമീപിച്ചെങ്കിലും തീരുമാനമെടുക്കാനുള്ള അനുമതി സർക്കാരിന് നൽകുകയായിരുന്നു. റവന്യു രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയാണ് ഏറ്റെടുക്കുകയെന്ന് ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്നു. പുനരധിവാസവും പുനഃസ്ഥാപനവും ഇല്ല.

പത്തനംതിട്ട ജില്ലാ ആസ്ഥാനത്തെ പത്തോളം കോടതികൾ ഇപ്പോൾ മിനി സിവിൽ സ്റ്റേഷനിലും സമീപത്തെ മുനിസിപ്പൽ കെട്ടിടത്തിലുമൊക്കെയാണ് പ്രവർത്തിക്കുന്നത്. സ്ഥലപരിമിതി അടക്കമുള്ള പ്രശ്നങ്ങൾ നേരിടുന്നുമുണ്ട്. ജില്ലാ ലീഗൽ സർവീസസ് അഥോറിറ്റി ഓഫീസും ബാർ അസോസിയേഷൻ ഓഫീസും നിലവിൽ മിനിസിവിൽ സ്റ്റേഷനിലാണ് പ്രവർത്തിക്കുന്നത്. ഫാസ്റ്റ് ട്രാക്ക് കോടതികൾ, കുടുംബക്കോടതി എന്നിവ മുനിസിപ്പൽ കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

കോടതികൾ പ്രവർത്തിക്കുന്ന മിനി സിവിൽ സ്റ്റേഷൻ, നഗരസഭാ കെട്ടിടങ്ങൾ ബലക്ഷയം നേരിടുന്നവയാണ്. സിവിൽ സ്റ്റേഷൻ ബലപ്പെടുത്തുന്നതിന് ചെന്നൈയിലുള്ള എൻജിനിയറിംഗ് കമ്പനി നൽകിയ നിർദേശങ്ങൾ നടപ്പാക്കിയിട്ടില്ല.

വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ കോടതി സമുച്ചയത്തിനു സ്ഥലം ഏറ്റെടുക്കാൻ ഫണ്ട് അനുവദിക്കുകയും നടപടികളാരംഭിക്കുകയും ചെയ്തതിൽ ജില്ലാ ബാർ അസോസിയേഷൻ സംസ്ഥാന സർക്കാരിനെ അഭിനന്ദിച്ചു.

കോടതി സമുച്ചയം എത്രയും വേഗം യാഥാർഥ്യമാക്കുന്നതിലും അധികൃതർ മുൻകൈ എടുക്കണമെന്ന് ബാർ അസോസിയേഷൻ പ്രസിഡൻറ് സാം കോശി, സെക്രട്ടറി ടി.എച്ച്. സിറാജുദ്ദീൻ, ട്രഷറർ ജോമോൻ കോശി എന്നിവർ ആവശ്യപ്പെട്ടു.



# സെൻറ് ജോസഫ്സ് കോളജിൽ എക്സ്പോ2024

**അറക്കുളം:** മൂലമറ്റം സെൻറ് ജോസഫ്സ് കോളജിൽ ജോസഫൈൻ എക്സ്പോ 2024 സംഘടിപ്പിച്ചു. തൊടുപുഴ, മുട്ടം, മൂലമറ്റം എന്നിവിടങ്ങളിലെ സ്കൂളുകളിൽനിന്നായി 900 സ്കൂൾ വിദ്യാർഥികൾ പങ്കെടുത്തു. റവ. ഡോ. അലക്സ് ലൂയിസ് ഉദ്ഘാടനം ചെയ്തു.പ്രിൻസിപ്പൽ റവ. ഡോ. തോമസ് ജോർജ് വെങ്ങാലുവക്കേൽ അധ്യക്ഷത വഹിച്ചു. ഡോ. ജോസ് ജയിംസ്, റോബി മാത്യു, റവ. ഡോ. ജോമോൻ കൊട്ടാരത്തിൽ എന്നിവർ പ്രസംഗിച്ചു.കെമി മാജിക്,ഗവേഷകരുമായുള്ള സംവാദം, ലാബ് പ്രവർത്തനങ്ങൾ, ആർട്ടിഫിഷൽ ഇൻറലിജൻസ് എക്സ്പോ, വെബ് വീവർ, സ്പോട്ട് ഫോട്ടോഗ്രാഫി, ലിറ്ററി ക്വിസ്, സെല്ലുലോയ്ഡ് ക്ലാസ് റൂം, ഫൺ ഗെയിംസ്, കോമേഴ്സ് മാനേജ്മെൻറ് ഫിയസ്റ്റ, കൾച്ചറൽ ധമാക്ക, കെമി ക്വിസ് എന്നിവ എക്സ്പോയോടൊനുബന്ധിച്ച് സംഘടിപ്പിച്ചു.



# കൊച്ചി വാട്ടർമെട്രോ: സുസ്ഥിര നഗര ഗതാഗതത്തിന് അക്കാദമിക് സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യം

**കൊച്ചി:** നഗരങ്ങളുടെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ കൊച്ചി വാട്ടർമെട്രോ പോലുള്ള സുസ്ഥിര ഗതാഗത സംവിധാനങ്ങളുടെ വളർച്ചയ്ക്ക് അക്കാദമിക് സ്ഥാപനങ്ങളുടെ സഹകരണം അനിവാര്യമാണെന്ന് കൊച്ചി മെട്രോ റെയിൽ എംഡി ലോക്നാഥ് ബെഹറ. വാട്ടർ മെട്രോയെ കേന്ദ്രീകരിച്ച് ഐസിഎസ്എസ്ആർ ധനസഹായത്തോടെ കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയും കുസാറ്റും സംയുക്തമായി നടത്തുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായി ജെയിൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ സംഘടിപ്പിച്ച ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗവേഷണത്തിന്റെ ഭാഗമായി വാട്ടർമെട്രോയുമായി സഹകരിച്ച് പ്രവർത്തിക്കുന്നവർ, ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ, സ്വകാര്യ ബോട്ടുടമകൾ തുടങ്ങിയവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനായാണ് ഫോക്കസ് ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ചത്.

വികസിത രാജ്യങ്ങൾ പകർച്ച വ്യാധി പോലുള്ള സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം തേടുവാൻ അക്കാദമിക് വിദഗ്ദ്ധരെ സമീപിക്കുന്ന രീതിയും അദ്ദേഹം ചൂണ്ടിക്കാട്ടി. സാമൂഹത്തിൽ ഗുണകരമായ മാറ്റം സൃഷ്ടിക്കുന്നതിന് സഹായകരമായ ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിൽ ജെയിൻ യൂണിവേഴ്സിറ്റി പ്രതിജ്ഞാബദ്ധമാണെന്ന് ഫോക്കസ് ഗ്രൂപ്പ് ചർച്ച ഉദ്ഘാടനം ചെയ്ത ജെയിൻ യൂണിവേഴ്സിറ്റി പി.വി.സി ഡോ.ജെ.ലത പറഞ്ഞു.നഗരങ്ങളിലെ ഭാവി ഗതാഗത മാതൃകകൾ രൂപപ്പെടുത്തുന്നതിൽ ജെയിൻ യൂണിവേഴ്സിറ്റിയും കുസാറ്റും സഹകരിച്ച് നടത്തുന്ന ഗവേഷണ പദ്ധതി സ്വാധീനം ചെലുത്തുമെന്ന് ജെയിൻ യൂണിവേഴ്സിറ്റി സിഎംഎസ് ബിസിനസ് സ്കൂൾ ഡെപ്യൂട്ടി ഡയറക്ടർ ഡോ. സിമ്മി കുര്യൻ അഭിപ്രായപ്പെട്ടു. പഠനത്തിന്റെ സാമൂഹിക, സാങ്കേതിക, പാരിസ്ഥിതിക, സാമ്പത്തിക മാനങ്ങൾ പ്രൊജക്ട് കോർഡിനേറ്ററും ജെയിൻ യൂണിവേഴ്സിറ്റി അസോ.പ്രൊഫസറുമായ ഡോ. ഗിരീഷ് എസ് പതി ചർച്ചയിൽ അവതരിപ്പിച്ചു.

വെല്ലുവിളികളെ അതിജീവിക്കുന്നതിനും വാട്ടർ മെട്രോയുടെ സാമൂഹികസാമ്പത്തികപാരിസ്ഥിതിക ആഘാതം പരമാവധി കുറയ്ക്കുന്നതിനുമുള്ള സമീപനത്തെ കുറിച്ചും ഫോക്കസ് ഗ്രൂപ്പ് ചൂണ്ടിക്കാട്ടി.മത്സ്യത്തൊഴിലാളി സമൂഹത്തെ ബാധിക്കുന്ന കുളവാഴകളുടെ ശല്യം, തൊഴിലവസരങ്ങൾ, സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിൽ പൊതുസ്വകാര്യ പങ്കാളിത്തത്തിന്റെ പ്രാധാന്യം തുടങ്ങിയ നിർണായക വിഷയങ്ങൾ ചർച്ചയുടെ ഭാഗമായി. വാട്ടർ മെട്രോ സംവിധാനത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിരന്തര സഹകരണം അനിവാര്യമാണെന്ന് ചർച്ചയിൽ പങ്കെടുത്ത ജെയിൻ യൂണിവേഴ്സിറ്റി സിഎംഎസ് ബിസിനസ് സ്കൂൾ മേധാവി ഡോ. മോനു ജോൺ അഭിപ്രായപ്പെട്ടു. കുസാറ്റിലെ ഡോ. ഹരീഷ് എൻ. രാമനാഥൻ മോഡറേറ്ററായ ചർച്ചയിൽ ഡോ. രാജൻ ചെടമ്പത്ത് ( സി എച്ച്.ഇ.ഡി),ഷാജി ജനാർധനൻ(കൊച്ചി വാട്ടർമെട്രോ), അരവിന്ദ് കെ.ആർ( കുസാറ്റ്),എ.ജെ.റിയാസ്(കെ.വി.വി.ഇ.എസ്),അജിത് കുമാർ പി.സി(എഡ്റാക്) സ്റ്റാലിൻ ബെന്നി( മറൈൻഡ്രൈവ് ടൂറിസ്റ്റ് ബോട്ട് അസോസിയേഷൻ), സ്വപ്നലാൽ പി.റ്റി( കേരള അക്വാ ഫാർമേർസ് ഫെഡറേഷൻ),ഡോ. എം. ഹരികൃഷ്ണൻ(കുസാറ്റ്), ഡോ രാജേഷ്( കുസാറ്റ്), ഡോ. ഷിബു എ.വി(കുസാറ്റ്), ഡോ. കെ മധുകുമാർ (ജോയിന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ്,

കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി) എന്നിവർ പങ്കെടുത്തു.30ലേറെ വർഷങ്ങളായി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന, രണ്ട് യൂണിവേഴ്സിറ്റികൾ അടക്കം 80ലേറെ സ്ഥാപനങ്ങളുള്ള ജയിൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസിന്റെ ഉടമസ്ഥതയിലുള്ളതാണ് ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി. നാക്ക് എ ഡബിൾ പ്ലസ് അംഗീകാരവും യുജിസിയുടെ കാറ്റഗറി വൺ ഗ്രേഡഡ് ഓട്ടോണമിയുമുള്ള രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ് ഈ യൂണിവേഴ്സിറ്റി.

# വിനോദയാത്ര പോയ വിദ്യാർത്ഥികൾക്ക് നരകയാതന:ഇടപെടലുമായി മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** ആലുവ എസ്.എൻ.ഡി.പി ഹയർസെക്കന്ററി സ്കൂളിൽ നിന്നും കൊടൈക്കനാലിലേക്ക് വിനോദയാത്ര പോയ 135 പ്ലസ്ടു വിദ്യാർത്ഥികൾ പെരുവഴിയിൽ നരകയാതന അനുഭവിച്ചെന്ന പരാതിയിൽ ശക്തമായ നടപടികളുമായി മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

പരാതിയെക്കുറിച്ച് വിശദവും ഫലപ്രദവുമായ അന്വേഷണം നടത്താൻ ബന്ധപ്പെട്ട ആർ.റ്റി.ഒ യെ സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണർ ചുമതലപ്പെടുത്തണമെന്ന് ഉത്തരവിൽ പറയുന്നു. ആർ.റ്റി.ഒ യുടെ അന്വേഷണ റിപ്പോർട്ട് 3 ആഴ്ചക്കുള്ളിൽ കമ്മീഷനിൽ സമർപ്പിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം നൽകണം..

സംഭവത്തിന് ഉത്തരവാദികളായ ടൂർ ഓപ്പറേറ്റർമാരുടെ പെർമിറ്റ് / ലൈസൻസ് റദ്ദാക്കാൻ പര്യാപ്തമായ പാളിച്ചകളാണോ സംഭവിച്ചതെന്ന കാര്യത്തിൽ ആർ.റ്റി.ഒ യുടെ അഭിപ്രായവും കമ്മീഷനിൽ സമർപ്പിക്കണമെന്ന് ഉത്തരവിൽ പറഞ്ഞു.

ആലുവ എസ്.എൻ.ഡി.പി ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പലും റിപ്പോർട്ട് സമർപ്പിക്കണം.

റിപ്പോർട്ട് ലഭിച്ചാലുടൻ കേസ് എറണാകുളത്ത് നടക്കുന്ന സിറ്റിംഗിൽ പരിഗണിക്കും.

വെള്ളിയാഴ്ച പുലർച്ചെ പുറപ്പെട്ട സംഘത്തിന് കൊടൈക്കനാലിൽ താമസ സൗകര്യം ഏർപ്പെടുത്താൻ ടൂർ പാക്കേജ് കണ്ടെക്റ്റിംഗ് സ്ഥാപനം തയ്യാറായില്ലെന്നാണ് പരാതി. തുടർന്ന് ബസിൽ കഴിച്ചുകൂട്ടിയ സംഘത്തെ ഊട്ടിയിലേക്ക് കൊണ്ടുപോയി. ഊട്ടിയിൽ പ്രാഥമികകൃത്യങ്ങൾ നിർവഹിക്കാൻ മാത്രം സൗകര്യം നൽകിയതായി പരാതിയിലുണ്ട്.മാധ്യമവാർത്തയുടെ അടിസ്ഥാത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.




ഗാർമെന്റ്സ് ക്രിക്കറ്റ് അസ്സോസിയേഷൻ സംഘടിപ്പിക്കുന്ന ആറാമത് പ്രീമിയർ ക്രിക്കറ്റ് ലീഗിന്റെ ജേഴ്സി പ്രകാശന ചടങ്ങ് എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ കേരളാ ക്രിക്കറ്റ് അസോസ്സിയേഷൻ പ്രസിഡന്റ് ശ്രീ ജയേഷ് ജോർജ്ജ് നിർവ്വഹിക്കുന്നു. വി.എച്ച്.എം. അഹമ്മദുള്ള,സാബി ജോൺ,മാലിക് ജോയിൻറ്,ഷാജി ദിവാകരൻ,ജിനോയി വർഗ്ഗീസ് തുടങ്ങിയവർ സമീപം

# ഗാർമെന്റ് ക്രിക്കറ്റ് അസ്സോസിയേഷൻ പ്രീമിയർ ക്രിക്കറ്റ് ലീഗ് :നവംബർ 20 മുതൽ 24 വരെ വയനാട്ടിൽ

**കൊച്ചി:** ഗാർമെന്റ് ക്രിക്കറ്റ് അസ്സോസിയേഷൻ ട്രസ്റ്റ് സംഘടിപ്പിക്കുന്ന ആറാമത് പ്രീമിയർ ക്രിക്കറ്റ് ലീഗ് നവംബർ 20 മുതൽ 24 വരെ കേരള ക്രിക്കറ്റ് അസോസിയേഷന്റെ വയനാട്ടിലെ കൃഷ്ണഗിരി സ്റ്റേഡിയത്തിൽ നടക്കും. 12 ടീമുകൾ പങ്കെടുക്കുന്ന ടൂർണ്ണമെന്റിലെ ടീമുകകൾക്കുള്ള ജേഴ്സി പ്രകാശനം എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ കേരളാ ക്രിക്കറ്റ് അസോസ്സിയേഷൻ പ്രസിഡന്റ് ജയേഷ് ജോർജ്ജ് നിർവ്വഹിച്ചു. ഗാർമെന്റ് ക്രിക്കറ്റ് അസ്സോസിയേഷൻ പ്രസിഡന്റ് വി.എം.എച്ച് അഹമ്മദുള്ള സെക്രട്ടറി സാബി ജോൺ വൈസ് പ്രസിഡന്റ് മാലിക് ജോയിൻറ് സെക്രട്ടറി ഷാജി ദിവാകരൻ ട്രഷറർ ജിനോയി വർഗ്ഗീസ് ട്രസ്റ്റ് കമ്മിറ്റി അംഗങ്ങൾ വിവിധ ടീം ഓണർ മാർ തുടങ്ങിയവർ പങ്കെടുത്തു.

തൃപ്പൂണിത്തുറ ആസ്ഥാനമാക്കി സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റി ആണ് ഗാർമെന്റ് ക്രിക്കറ്റ് അസ്സോസിയേഷൻ ട്രസ്റ്റ്. ടെക്സ്റ്റൈൽ, ഗാർമെന്റ്സ് മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ മാനസ്സികവും, ശാരീരികവും തൊഴിൽപരവുമായ ഉന്നമനത്തിനു വേണ്ടിയുള്ള പരിപാടികൾ സംഘടിപ്പിക്കുകയെന്നതാണ് ട്രസ്റ്റിന്റെ പ്രധാനലക്ഷ്യം. ഇതിന്റെ ഭാഗമായി 2016 മുതൽ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചു വരുന്നു. ഇത്തവണ ഗോവയിലാണ് ടൂർണമെന്റ് നടത്താൻ നിശ്ചയിച്ചിരുന്നതെങ്കിലും വയനാട്ടിലെ ചൂരൽമല , മുണ്ടക്കൈ പ്രദേശത്തുണ്ടായ ദുരന്തം മൂലം ടൂറിസ്റ്റ് മേഖലയലിടക്കം വലിയ തോതിൽ ബിസിനസ് നഷ്ടപ്പെടുകയും സാധാരണ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ കുറയുകയും ചെയ്ത സാഹചര്യത്തിലാണ് ഗോവയിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ടൂർണ്ണമെന്റ് വയനാട്ടിലെ കൃഷ്ണഗിരി കെസിഎ സ്റ്റേഡിയത്തിലേയ്ക്ക് മാറ്റുവാൻ തീരുമാനിച്ചത്. ഇതിന്റെ ഗുണം വയനാട്ടിലെ ജനങ്ങൾക്കാകും ലഭിക്കുക. ടൂർണ്ണമെന്റിലൂടെ സമാഹരിക്കപ്പെടുന്ന തുകയുടെ ഒരു വിഹിതം വയനാട് ദുരിദാശ്വാസ ഫണ്ടിലേയ്ക്ക് നൽകുവാനും വയനാടിന്റെ പുനരധിവാസ പ്രവർത്തങ്ങളിൽ പങ്കാളികളായി മാറുവാനും ഗാർമെന്റ് ക്രിക്കറ്റ് അസോസ്സിയേഷൻ ട്രസ്റ്റ് തീരുമാനിച്ചു. ടൂർണ്ണമെന്റിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രമുഖ വസ്ത്ര ബ്രാൻഡുകളുടെ പ്രതിനിധികൾ, കേരളത്തിലെ വസ്ത്ര വ്യാപാരരംഗത്തെ പ്രമുഖ വ്യാപാരികൾ, വിതരണക്കാർ, എന്നിവർ ഉൾപ്പെടെ 300ൽപരം പേർ പങ്കാളികളാകും . ടൂർണ്ണമെന്റിന്റെ പ്രമുഖ സ്പോൺസർമാരായ പെപെജീൻസ് , കൂൾ കളേഴ്സ് എന്നീ ബ്രാൻഡ്കൾ വയനാട് ദുരിദാശ്വാസ ഫണ്ടിലേയ്ക്ക് അഞ്ചു ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന ചെയ്തു.

# ബാലാമണിയമ്മ പുരസ്കാരം ഡോ. ചാത്തനാത്ത് അച്യുതനുണ്ണിയ്ക്ക്



**കൊച്ചി:** അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിലുള്ള, മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള ബാലാമണിയമ്മ പുരസ്കാരം ഡോ. ചാത്തനാത്ത് അച്യുതനുണ്ണിക്ക്. കെ.എൽ. മോഹനവർമ്മ, പ്രഫ. എം. തോമസ് മാത്യു, പായിപ്ര രാധാകൃഷ്ണൻ എന്നിവരടങ്ങുന്ന സമിതി യാണ് പുരസ്കാര നിർണയം നടത്തിയത്. സംസ്കൃതത്തെയും മലയാളത്തെയും ഒരേപോലെ സ്നേഹിക്കുകയും സമ്പന്നമാക്കുകയും ചെയ്ത അധ്യാപക ശ്രേഷ്ഠനാണ് ചാത്തനാത്ത് അച്യുതനുണ്ണി. പൗരസ്ത്യ കാവ്യ സാഹിത്യ സംസ്കൃതിയിലേക്കും മീമാംസയിലേക്കും സഞ്ചരിച്ച് അവ ആഴത്തിൽ ആസ്വാദക ലോകത്തിനായി ഡോ. ചാത്തനാത്ത് അവതരിപ്പിച്ചു. കവി, നോവലിസ്റ്റ്, വ്യാഖ്യാതാവ്, ഭാഷാശാസ്ത്ര വിദഗ്ധൻ, എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശസ്തൻ. 18 ഗ്രന്ഥങ്ങളാണ് പൗരസ്ത്യ സാഹിത്യ ദർശനത്തിൽ മാത്രം അദ്ദേഹം രചിച്ചത്. അമ്പതിനായിരം രൂപയും ഫലകവും പ്രശസ്തിപത്രവും ആണ് പുരസ്കാരം. കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വച്ച് ഡിസംബർ ഒന്നിന് വൈകിട്ട് 5 മണിക്ക് പുരസ്കാരം സമർപ്പിക്കും. കേന്ദ്ര കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ മുൻ വർഷങ്ങളിൽ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. 2019 ൽ ഭാരത പ്രസിഡന്റിന്റെ സർട്ടിഫിക്കറ്റ് ഓണർ പുരസ്കാരവും അദ്ദേഹത്തിന് ലഭിച്ചു.

# ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ സൗരോർജ്ജ ഡയറിയാകാൻ എറണാകുളം മിൽമ

**കൊച്ചി:** രാജ്യത്തെ ആദ്യ സമ്പൂർണ ഓൺ ഗ്രിഡ് സൗരോർജ്ജ ഡെയറിയായി എറണാകുളം മേഖലാ ക്ഷീരോത്പാദക സഹകരണ സംഘം(മിൽമ) മാറുന്നു. മിൽമ എറണാകുളം യൂണിയൻറെ തൃപ്പൂണിത്തുറയിൽ സ്ഥാപിച്ച രണ്ട് മെഗാവാട്ട് സൗരോർജ്ജ പ്ലാൻറ് നവംബർ ഒമ്പതിന് രാവിലെ പത്തിന് കേന്ദ്ര മൃഗസംരക്ഷണക്ഷീരവകുപ്പ് സഹമന്ത്രി ജോർജ്ജ് കുര്യൻ നാടിന് സമർപ്പിക്കും.മിൽമയുടെ പ്രൊഡക്ട്സ് ഡെയറി നവീകരണ പദ്ധതിയുടെ ശിലാസ്ഥാപനം അന്നേദിവസം മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കും. ദേശീയ ക്ഷീരവികസന പദ്ധതിയുടെ സഹായത്തോടെ നിർമ്മിച്ച മിൽമ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലാബിൻറെ താക്കോൽ മിൽമ ഫെഡറേഷൻ ചെയർമാൻ കെ എസ് മണി എൻഡിഡിബി ചെയർമാൻ ഡോ. മീനേഷ് ഷായ്ക്ക് കൈമാറും.

ഇന്ത്യൻ ക്ഷീര വ്യവസായ രംഗത്ത് ഹരിത ഊർജജത്തോടും പാരിസ്ഥിതിക പരിപാലനത്തോടുമുള്ള ശക്തമായ പ്രതിബദ്ധത പ്രഖ്യാപിച്ചുകൊണ്ടാണ് രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഓൺഗ്രിഡ് സൗരോർജ്ജ ഡെയറിയായി മിൽമ തൃപ്പൂണിത്തുറ ഡെയറി മാറുന്നത്. 16 കോടി രൂപയാണ് പദ്ധതിയുടെ ആകെ മുതൽമുടക്ക്. ഡയറി പ്രോസസിംഗ് ആൻറ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ് സ്കീമിൽ നിന്നുള്ള 9.2 കോടി രൂപയുടെ വായ്പയും, മേഖലാ യൂണിയൻറെ തനതു ഫണ്ടായ 6.8 കോടി രൂപയും ഉപയോഗിച്ചാണ് ഈ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്.

വ്യത്യസ്ത രീതിയിലുള്ള സോളാർ മോഡലുകൾ ആണ് ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയിരിക്കുന്നതെന്ന് മിൽമ എറണാകുളം യൂണിയൻ ചെയർമാൻ എം ടി ജയൻ ചൂണ്ടിക്കാട്ടി. ഡെയറി കോമ്പൗണ്ടിലെ തടാകത്തിൽ സ്ഥാപിച്ചിരിക്കുന്ന എട്ട് കെവിയുടെ ഫ്ളോട്ടിംഗ് സോളാർ പാനലുകൾ, കാർപോർച്ച് മാതൃകയിൽ സജീകരിച്ച 102 കിലോ വാട്ട് സോളാർ പാനലുകൾ, ഗ്രൗണ്ടിൽ സ്ഥാപിച്ചിരിക്കുന്ന 1890 കിലോ വാട്ട് സോളാർ പാനലുകൾ എന്നീ രീതിയിലാണ് സോളാർ പ്ലാൻറ് ക്രമീകരണം. സോളാർ സാങ്കേതിക വിദ്യയിലെ ഏറ്റവും ആധുനികമായ ഈ മാതൃക പാരിസ്ഥിതിക, സാങ്കേതിക രംഗത്ത് ആകർഷകമായ മാറ്റമാണെന്നും അദ്ദേഹം പറഞ്ഞു.

മിൽമയുടെ സരോർജ്ജ നിലയം പ്രതിവർഷം 2.9 ദശലക്ഷം യൂണിറ്റുകൾ (ജിഡബ്ല്യുഎച്ച്) ഹരിതോർജ്ജം ഉൽപ്പാദിപ്പിക്കുകയും ഇതു വഴി പ്രതിവർഷം 1.94 കോടി രൂപ ഊർജ്ജ ചെലവ് ഇനത്തിൽ ലാഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. പ്ലാൻറ് വഴി ഓരോ വർഷവും ഏകദേശം 2,400 മെട്രിക് ടൺ കാർബൺഡൈ ഓക്സൈഡ് പുറന്തള്ളലാണ് കുറയ്ക്കുന്നത്. ഇത് ഏകദേശം ഒരു ലക്ഷം മരങ്ങൾ നടുന്നതിന് തുല്യമാണ്. പകൽ സമയങ്ങളിൽ ഡെയറിയുടെ മുഴുൻ ഊർജ്ജ ആവശ്യകതയും നിറവേറ്റുകയും ഡിസ്കോമിൻറെ കൈവശമുള്ള മിച്ച ഊർജ്ജം പീക്ക്, ഓഫ് പീക്ക് സമയങ്ങളിൽ ഉൾക്കൊള്ളാൻ സഹായിക്കുകയും ചെയ്യുന്നു ഇത് മിൽമ എറണാകുളം ഡെയറിയെ പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഡെയറിയാക്കി മാറ്റുമെന്നും എം ടി ജയൻ പറഞ്ഞു.

അനെർട്ട് (ഏജൻസി ഫോർ ന്യൂ ആൻഡ് റിന്യൂവബിൾ എനർജി റിസർച്ച് ആൻഡ് ടെക്നോളജി , കേരള സർക്കാർ) ആണ് പ്രൊജക്ടിൻറെ സാങ്കേതിക മേൽ നോട്ടം വഹിച്ചത്. കെ.സി കോപർ എനർജി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് സോളാർ പാനലുകൾ സ്ഥാപിക്കുകയും, ടെസ്റ്റിംഗും, കമ്മീഷനിംഗും നിർവഹിക്കുകയും ചെയ്തു. ഊർജ്ജ മന്ത്രാലയം അംഗീകരിച്ച പുതിയതും പുനരുപയോഗിക്കാവുന്നതുമായ ഘടകങ്ങൾ കർശനമായ മാനദണ്ഡങ്ങൾ പാലിച്ച് സ്ഥാപിച്ചിരിക്കുന്നു.

സൗരോർജ്ജ നിലയത്തിൻറെ പ്രധാന ഘടകങ്ങളിൽ ബിഐഎസ് അംഗീകരിച്ച 540 ഡബ്ല്യു പി സെലെക്ട് എച്ച് എച്ച് വി മോണോ പെർക് ഹാഫ് കട്ട് മൊഡ്യൂളുകൾ, ഓസ്ട്രിയയിൽ നിന്നുള്ള ഫ്രോണിയസ് ഇൻവെർട്ടറുകൾ (100 കിലോവാട്ട് വീതമുള്ള 16 യൂണിറ്റുകൾ), മണിക്കൂറിൽ 150 കിലോമീറ്റർ വരെ കാറ്റിന് പ്രതിരോധിക്കാൻ തക്കവണ്ണം രൂപകൽപ്പന ചെയ്ത ഗാൽവനൈസ്ഡ് അയൺ മൗണ്ടിംഗ് ഘടനകൾ എന്നിവ ഉൾപ്പെടുന്നു. തടസ്സമില്ലാത്ത നിരീക്ഷണത്തിനും കെ.എസ്.ഇ.ബിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സ്കാഡ സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്.

# യുനോയൻസ് പുതിയ ഓഫീസ് തുറന്നു

**കൊച്ചി:** മൾട്ടിമീഡിയ, ഡിജിറ്റൽ സ്റ്റോറി ടെല്ലിംഗ് എന്നിവയിൽ സേവനം നൽകുന്ന യുനോയൻസ് സ്റ്റുഡിയോ പത്താം വാർഷികത്തിൽ മാറാമറ്റം ടെക് സ്പേസിലെ പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റി. സംവിധായകനും സിനിമാതാരവുമായ വിനീത് കുമാർ ഉദ്ഘാടനം നിർവഹിച്ചു. ടൂൺസ് മീഡിയ ഗ്രൂപ്പ് സിഇഒ പി ജയകുമാർ , ഡിസൈനറും സോഷ്യൽ എൻറർപ്രെണറുമായ ലക്ഷ്മി മേനോൻ, കലാസംവിധായകൻ അജയൻ ചാലിശ്ശേരി,സിദ്ധാർഥ് ഭരതൻ, അനൂപ് കണ്ണൻ, വിഷ്ണു നാരായണൻ, സുനിൽ സിംഗ്, അദിതി കൃഷ്ണദാസ്, സൈനുൽ ആബിദ്, ശ്രീജിത്ത് സ്നാർക്, രതീഷ് രവി തുടങ്ങി സിനിമാ പരസ്യ രംഗത്തെ പ്രമുഖർ പങ്കെടുത്തു.അനിമേഷൻ പരസ്യങ്ങൾ, സിനിമ ടൈറ്റിൽ അനിമേഷൻ, ബ്രാൻഡ് പ്രൊമോഷൻ വീഡിയോ, വിഎഫ്എക്സ്, പുതുതലമുറ മാർക്കറ്റിംഗ് എന്നി വയിലാണ് കെഎസ്യുഎം യുണീക് ഐഡി സ്റ്റാർട്ടപ്പ് കൂടിയായ യുനോയൻസ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്.

2014 ൽ സീറോ ഉണ്ണി, അസീം കാട്ടാളി, ജെറോയ് ജോസഫ്, രാജേഷ് വേലച്ചേരി, മിഥുൻ കൃഷ്ണ, ഇമോദ് രാജ് മോഹനമണി തുടങ്ങി ആറ് മലയാളികൾ ചേർന്നാണ് യുനോയൻസിന് തുടക്കം കുറിച്ചത്. സർഗ്ഗാത്മകതയുടെ പുതിയ തലങ്ങൾ തേടിയുള്ള ഭാവിയാത്രയിൽ നിർണായകമായ കാൽവയ്പാണ് പുതിയ ഓഫീസെന്ന് യുനോയൻസ് സഹസ്ഥാപകൻ അസീം കാട്ടാളി പറഞ്ഞു. ഡിജിറ്റൽ സ്റ്റോറികളിൽ നൂതനാശയങ്ങൾ അവതരിപ്പിക്കാനും അത് നടപ്പാക്കാനുമുള്ള ഇടമായി ഇത് മാറുമെന്നും അദ്ദേഹം പറഞ്ഞു. ആശാവഹമായ ഭാവി പ്രവർത്തനങ്ങളാണ് യുനോയൻസ് നടപ്പാക്കാനൊരുങ്ങുന്നത്. ഡിജിറ്റൽ സ്റ്റോറികളിലെ അതിർവരമ്പുകൾ മറികടക്കുന്ന പ്രവർത്തനങ്ങളാകുമിതെന്നും അസീം കൂട്ടിച്ചേർത്തു.ഐപി ക്രിയേഷൻ, പ്രൊഡക്ട് ഡെവലപ്മെൻറ് തുടങ്ങിയ മേഖലകളിൽ കൂടി സാന്നിദ്ധ്യമറിയിക്കാനുള്ള തയ്യാറെടുപ്പിലാണ് യുനോയൻസ്.

# ഐഎസ്എൽ: കൊച്ചി മെട്രോ സർവ്വീസ് രാത്രി 11 വരെ

**കൊച്ചി:** ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ചാംപ്യൻഷിപ്പിനോടനുബന്ധിച്ച നാളെ കലൂർ സ്റ്റേഡിയത്തിൽ നടക്കുന്ന കേരള ബ്ലാസ്റ്റേഴ്സ് ഹൈദരാബാദ് മൽസരം കാണാനെത്തുന്നവർക്കായി കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു.ഐഎസ്എൽ മത്സര ദിവസമായ നാളെ ജെഎൽഎൻ സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും അവസാനസർവീസ് രാത്രി 11 നായിരിക്കും പുറപ്പെടുന്നതെന്ന് കൊച്ചി മെട്രോ അധികൃതർ വ്യക്തമാക്കി.ഐഎസ്എൽ മത്സരങ്ങൾ നടക്കുന്ന സമയത്ത് യാത്രക്കാർക്ക് വേണ്ടി അധിക യാത്രകളും, മറ്റ് പ്രത്യേക ക്രമീകരണങ്ങളും ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

# സ്വിഗ്ഗി ലിമിറ്റഡ് ഐപിഒ ഇന്ന് മുതൽ

**കൊച്ചി:** സ്വിഗ്ഗി ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) നവംബർ 6 മുതൽ 8 വരെ നടക്കും. 4499 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 175,087,863 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 371 രൂപ മുതൽ 390 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 38 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 38ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ബോഫാ സെക്യൂരിറ്റീസ് ഇന്ത്യ ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, അവെൻഡസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# മണപ്പുറം ഫിനാൻസിന് 572 കോടി രൂപ അറ്റാദായം

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് 572 .1 കോടി രൂപ സംയോജിത അറ്റാദായം നേടി. ഒന്നാം പാദത്തിലെ 556.5 കോടി രൂപയിൽ നിന്നും 2.8 ശതമാനം വർധനവാണ് രേഖപ്പെടുത്തിയത്. കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തികളുടെ മൂല്യം 17.4 % ശതമാനം വാർഷിക വർധനയോടെ 45,718.8 കോടി രൂപയിലെത്തി. മുൻ വർഷം ഇതേ പാദത്തേക്കാൾ 1.7 ശതമാനം വർധനവാണ് രേഖപ്പെടുത്തിയത്. സബ്സിഡിയറികൾ ഉൾപ്പെടാതെ ഉള്ള കമ്പനിയുടെ അറ്റാദായം 474.9 കോടി രൂപയാണ്. സംയോജിത പ്രവർത്തന വരുമാനം 22.1 ശതമാനം വർധിച്ച് 2633.1 കോടി രൂപയിലെത്തി. സംയോജിത സ്വർണ വായ്പാ പോർട്ട്ഫോളിയോ 17.1 ശതമാനം വർധിച്ച് 24,365 കോടി രൂപയിലെത്തി. 2024 സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിക്ക് 26.6 ലക്ഷം സജീവ സ്വർണ വായ്പാ ഉപഭോക്താക്കളുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ സ്വർണ്ണ വായ്പ ആസ്തിയിൽ മികച്ച നേട്ടം കൈവരിക്കാൻ മണപ്പുറം ഫിനാൻസിന് സാധിച്ചുവെന്ന് മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി. പി. നന്ദകുമാർ പറഞ്ഞു. വാർഷികാടിസ്ഥാനത്തിൽ 17.1 ശതമാനം വളർച്ചയും, തുടർച്ചയായി 3 % വളർച്ചയുമാണ് രേഖപ്പെടുത്തിയത് .സ്വർണ വായ്പയ്ക്കു പുറമെ, സ്വർണ ഇതര വായ്പാ മേഖലകളിലും ശ്രദ്ധേയമായ നേട്ടം കൈവരിക്കാനായി. സ്ഥാപനത്തിൻറെ മൊത്തം ആസ്തിയും അറ്റാദായവും വർധിച്ചതിന് ഈ മേഖലകളിലെ സ്ഥിരതയാർന്ന പ്രകടനങ്ങൾ നിർണായകമായി. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും സ്ഥാപനത്തിൻറെ മൂലധന പര്യാപ്തത അനുപാതം 29.22 ശതമാനത്തിൽ എത്തിക്കാനായത് നേട്ടമാണ്. ബിസിനസ് വളർച്ചയ്ക്ക് അനുഗുണമായ പാദവാർഷിക ഫലമാണ് ആകെ രേഖപ്പെടുത്തിയിട്ടുള്ളതെന്നും വി. പി. നന്ദകുമാർ പറഞ്ഞു.

# ഫിറ്റ്ജി ബിഗ് ബാംഗ് എഡ്ജ് പരീക്ഷ നവംബർ 17, 18 തീയതികളിൽ

**കൊച്ചി:** ജെഇഇ, മറ്റ് മത്സര, സ്കോളർഷിപ്പ് പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുള്ള രാജ്യത്തെ ഏറ്റവും മികച്ച മത്സരപരീക്ഷ പരിശീലന സ്ഥാപനമായ ഫിറ്റ്ജി ഈ വർഷത്തെ ബിഗ് ബാംഗ് എഡ്ജ് (ബി ബി ഇ) പരീക്ഷ നവംബർ 17, 18 തീയതികളിൽ നടത്തുന്നു. ബിഗ് ബാംഗ് എഡ്ജ് (ബി ബി ഇ) പരീക്ഷ രാജ്യത്തുടനീളമുള്ള കേന്ദ്രങ്ങളിൽ ഓഫ്ലൈനായി നവംബർ 17നും ഓൺലൈനായി നവംബർ 18നും നടക്കും.

വിദ്യാർത്ഥികളുടെ ഐക്യു, അഭിരുചി, വിശകലനശേഷി എന്നിവ പരിപോഷിപ്പിച്ചുവരുന്നതിന്റെ ഭാഗമായാണ് ബി ബി ഇ പരീക്ഷ നടത്തുന്നത്. അഞ്ച് മുതൽ 11 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ബിഗ് ബാംഗ് എഡ്ജ് പരീക്ഷ എഴുതാൻ അവസരമുണ്ട്. രജിസ്ട്രേഷൻ ഉടൻ ആരംഭിക്കും, www.fiitjee.com/bbe എന്ന വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായോ ഏതെങ്കിലും ഫിറ്റ്ജി കേന്ദ്രം മുഖേന ഓഫ്ലൈനായോ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാം. ഓഫ്ലൈൻഓൺലൈൻ പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി യഥാക്രമം നവംബർ 15, 16 ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫിറ്റ്ജിയുടെ ഔദ്യോഗിക വെബ്സൈറ്റ് www.fiitjee.com സന്ദർശിക്കുക.

# സമുദ്രമത്സ്യ മേഖലയിൽ മുന്നേറ്റത്തിന് കളമൊരുക്കി ഡ്രോൺ സാങ്കേതികവിദ്യ



**കൊച്ചി:** സമുദ്രമത്സ്യ മേഖലയിൽ കാര്യക്ഷമത വർധിപ്പിക്കാൻ ഡ്രോൺ ഉപയോഗത്തിന് കളമൊരുങ്ങുന്നു. കടലിലെ കൂടുമത്സ്യകൃഷി, കടൽ സസ്തനികളുടെ നിരീക്ഷണം, ദുരന്തനിവാരണം, അണ്ടർവാട്ടർ ഇമേജിംഗ്, ജലാശയ മാപ്പിംഗ് തുടങ്ങിയവക്കായി ഡ്രോൺ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജനപ്രിയമാക്കുന്നതിനും സംയുക്ത ദൗത്യം.

കേന്ദ്ര ഫിഷറീസ് മന്ത്രാലയം, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) എന്നിവർസംയുക്തമായാണ് ഡ്രോൺ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത്.ഇതിന്റെ ഭാഗമായി, നവംബർ 8ന് വെള്ളിയാഴ്ച സിഎംഎഫ്ആർഐയിൽ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും ബോധവൽകരണ ശിൽപശാലയും ഡ്രോൺ ഉപയോഗ പ്രദർശനവും നടക്കും. രാവിലെ 11ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.കടലിലെ കൂടുമത്സ്യകൃഷി മുതൽ സമുദ്രആവാസവ്യവസ്ഥയുടെ സംരക്ഷണം വരെ സമയവും ചിലവും കുറച്ച് കൂടുതൽ കുറ്റമറ്റതാക്കി മാക്കാൻ ഡ്രോൺ ഉപയോഗത്തിലൂടെ സാധിക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. മത്സ്യമേഖലയിലുള്ളവർക്കിടയിൽ ഇതിന് സ്വീകാര്യതയും ജനപ്രീതിയും ലഭിക്കുന്നതിനുള്ള ബോധവൽകരണ ശ്രമങ്ങളാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

കൂടുകളിൽ കൃഷി ചെയ്യുന്ന മീനുകളുടെ ആരോഗ്യസ്ഥിതി നിരീക്ഷണം, തീറ്റ വിതരണം, സെൻസറുകൾ ഘടിപ്പിച്ച് വെള്ളത്തിന്റെ ഗുണനിലവാര പിശോധന തുടങ്ങിയവ എളുപ്പമാക്കും. മാത്രമല്ല, ആവശ്യാനുസരണം മത്സ്യകൃഷി ഫാമുകളിൽ നിന്ന് ജീവനുള്ള മത്സ്യങ്ങൾ ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകാനും ഡ്രോൺ ഉപയോഗം സഹായിക്കും. കടൽ കൂടുകൃഷിക്ക് പ്രധാന വെല്ലുവിളിയാകുന്ന അപകടകാരികളായി ആൽഗകളുടെ വളർച്ചയും വ്യാപനവും നേരത്തെ തിരിച്ചറിയാനും ഈ സാങ്കേതികവിദ്യ ഉപകരിക്കും.പൊക്കാളി പാടങ്ങളിൽ വിത്ത് വിതക്കാനും തിമിംഗലം, ഡോൾഫിൻ തുടങ്ങിയ കടൽ സസ്തനികളുടെ നിരീക്ഷണത്തിനും ഡ്രോൺ സാങ്കേതികവിദ്യ പ്രയോജനപ്പെടും. ദുരന്തനിവാരണം എളുപ്പമാക്കാൻ അടിയന്തിര ഘട്ടങ്ങളിൽ ലൈഫ് ജാക്കറ്റുകൾ എത്തിക്കുന്നതിനും ഡ്രോണുകളെ പ്രയോജനപ്പെടുത്താനാകും. വേമ്പനാട് കായലിലെ ജലഗുണനിലവാരം വിലയിരുത്തുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ഈ സാങ്കേതികവിദ്യ ഏറെ ഉപകരിക്കും.

മാത്രമല്ല, കടലിൽ ഉപരിതലമത്സ്യങ്ങൾ കൂട്ടത്തോടെയെത്തുന്ന സ്ഥലങ്ങൾ പെട്ടെന്ന് തിരിച്ചറിയാനും അതുവഴി മീൻപിടുത്തം എളുപ്പമാക്കാനും ഡ്രോൺ ഉപയോഗം അവസരമൊരുക്കും.ഡ്രോൺ ഉപയോഗത്തിന്റെ സാധ്യതകൾ വിശദീകരിക്കുന്ന ബോധവൽകരണ ശിൽപശാലയിലും പ്രദർശനത്തിലും മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ എന്നിവർക്ക് പങ്കെടുക്കാം. കേന്ദ്ര ഫിഷറീസ് മന്ത്രാലയം, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവയെ പ്രതിനിധീകരിച്ച് ഉയർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കും.

## ഇന്ത്യൻ സ്മാർട്ട്ഫോൺ വിപണി ഉയർന്ന മൂല്യത്തിൽ

**കൊച്ചി:** ഈ വർഷത്തെ മൂന്നാം പാദത്തിൽ ഇന്ത്യൻ സ്മാർട്ട്ഫോൺ വിപണി അതിന്റെ എക്കാലത്തെയും ഉയർന്ന മൂല്യത്തിൽ എത്തിച്ചേർന്നതായി ഗവേഷണ ഏജൻസി അറിയിച്ചു. വിപണിവിഹിതത്തിന്റെ 23 ശതമാനവും സാംസങിന് സ്വന്തമാണ്.ഇ.എം.ഐ ഓഫറുകളും ട്രേഡ്ഇന്നുകളും സജീവമായ ഒരു പ്രീമിയമൈസേഷൻ പ്രവണതയാൽ വിപണി കൂടുതൽ മൂല്യവർദ്ധനയിലേക്ക് മാറുകയാണെന്ന് സീനിയർ റിസർച്ച് അനലിസ്റ്റ് പ്രചിർ സിംഗ് പറഞ്ഞു. സാംസങ് നിലവിൽ 23% വിപണി വിഹിതവുമായി മുന്നിൽ നിൽക്കുന്നു. ഗാലക്സി എസ് സീരീസിന് മുൻഗണന നൽകി അതിന്റെ മൂല്യം അടിസ്ഥാനമാക്കിയുള്ള പോർട്ട്ഫോളിയോ മെച്ചപ്പെടുത്തി സാംസങ് തങ്ങളുടെ സ്ഥാനം നിലനിർത്തുന്നു. വിപണി സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനായി, സാംസങ് ഗാലക്സി എഐ ഫീച്ചറുകൾ തങ്ങളുടെ എ സീരീസിലെ മിഡ്റേഞ്ച്, താങ്ങാനാവുന്ന പ്രീമിയം മോഡലുകളിലേക്കും എത്തിക്കുന്നു, ഇത് ഉയർന്ന വില വിഭാഗങ്ങളിലേക്ക് അപ്ഗ്രേഡ് ചെയ്യാൻ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നു, അദ്ദേഹം കൂട്ടിച്ചേർത്തു.

മൂന്നാം പാദത്തിൽ ഈ മൂല്യവർദ്ധന വർഷം തോറും 12 ശതമാനം വർദ്ധിച്ച് ഒരു പാദത്തിലുള്ള സർവകാല റെക്കോർഡിലെത്തിയെന്ന് കൗണ്ടർപോയിന്റ് പറഞ്ഞു. വോളിയത്തിന്റെ കാര്യത്തിൽ, സ്മാർട്ട്ഫോൺ വിപണി പ്രതിവർഷം 3 ശതമാനം വർദ്ധിച്ചതായി കൗണ്ടർപോയിന്റ് കൂട്ടിച്ചേർത്തു.പ്രീമിയമൈസേഷൻ പ്രവണത മൂല്യവർദ്ധനവിന് പ്രധാന കാരണമായപ്പോൾ, ഉത്സവ സീസണിന്റെ തുടക്കം വോളിയം വളർച്ചയ്ക്ക് പ്രചോദനമേകി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഉത്സവ വിൽപന മന്ദഗതിയിൽ ആരംഭിച്ചെങ്കിലും, ഉൽസവ വിൽപനയിലെ പ്രതീക്ഷിച്ച ഉയർച്ചയ്ക്ക് റീട്ടെയിലർമാർ നന്നായി ഒരുങ്ങിയിരുന്നു എന്നുറപ്പാക്കാൻ ഒ.ഇ.എമ്മുകൾ ചാനലുകൾ സജീവമാക്കിയതായി ഏജൻസി പറയുന്നു.

## ഒബെൻ ഇലക്ട്രിക് റോർ




**ബാംഗ്ലൂർ:** ഇന്ത്യയിലെ മുൻനിര തദ്ദേശീയ ഇലക്ട്രിക് വാഹന നിർമ്മാതാക്കളിൽ ഒന്നായ ഒബെൻ ഇലക്ട്രിക്, 2024 നവംബർ 7ന് പുറത്തിറക്കാൻ പോകുന്ന ഇലക്ട്രിക് മോട്ടോർസൈക്കിളായ റോർ ഈസിന്റെ ടീസർ പുറത്തിറക്കി. പ്രതിദിന യാത്രാ വിഭാഗത്തിൽ വിപ്ലവം സൃഷ്ടിക്കാൻ ഒരുക്കിയെടുത്ത റോർ ഈസി, ഇലക്ട്രിക് മൊബിലിറ്റിയിൽ നവീനതയുടെ ഒരു പുതിയ തരംഗവും ആവേശവും കൊണ്ടുവരുമെന്ന് കമ്പനി അവകാശപ്പെടുന്നു.

## റിഫൈൻഡ് ഷുഗറില്ലാത്ത റെസിപ്പി അവതരിപ്പിച്ച് സെറലാക്ക്

**കൊച്ചി:** ഇന്ത്യയിൽ അൻപതാം വർഷത്തിലേക്ക് പ്രവേശിക്കുന്നതോടൊപ്പം റിഫൈൻഡ് ഷുഗറില്ലാത്ത റെസിപ്പി അവതരിപ്പിച്ച് നെസ്ലെയുടെ ധാന്യാധിഷ്ഠിത കോംപ്ലിമെന്ററി ഫുഡ് ആയ സെറലാക്. കഴിഞ്ഞ അഞ്ചുവർഷങ്ങളായി സെറലാക്കിൽ ചേർക്കുന്ന പഞ്ചസാരയുടെ അളവ് 30 ശതമാനം വരെ കുറച്ചു വരികയായിരുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. റിഫൈൻഡ് ഷുഗറില്ലാത്ത സെറലാക്ക് വേരിയന്റുകൾ അവതരിപ്പിക്കുക എന്ന ലക്ഷ്യം ഇപ്പോൾ നെസ്ലെ കൈവരിച്ചു. മൂന്നുവർഷം മുൻപ് ആരംഭിച്ച പ്രവർത്തനങ്ങൾ ഈ വർഷത്തോടെയാണ് ലക്ഷ്യം കൈവരിച്ചത്. ഇന്ത്യയിൽ നിലവിലുള്ള സെറലാക്കിന്റെ 21 വേരിയന്റുകളിൽ 14 വേരിയന്റുകളിൽ റിഫൈൻഡ് ഷുഗർ ഇനി ഉണ്ടാവില്ല. ഈ 14 വേരിയന്റുകളിൽ ഏഴെണ്ണം 2024 നവംബർ അവസാനത്തോടെ ലഭ്യമാകും. ബാക്കിയുള്ളവ വരും ആഴ്ച്ചകളിൽ ലഭ്യമാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

